# റബ്ബർ

ജൂൺ 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർകർഷകർക്കായി പുതിയ മൊബൈൽ ആപ്പ്
- സംഘങ്ങൾക്ക് കരുത്തായി കളക്ഷൻ മാനേജർമാർ
- റബർതടി വിപണിയിലെ മാറ്റങ്ങൾ
- തൊഴിലാളിക്ഷേമപദ്ധതികൾ
- തേവിയാർകുന്ന് റബ്ബറുത്പാദകസംഘം



## മാറുന്ന കാലാവസ്ഥയും റബ്ബർകൃഷിയും


CHEERAKUZHY
Wonder Root™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ.സി.കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
UNION MKD
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം

06 | മാറുന്ന കാലാവസ്ഥയും റബ്ബർകൃഷിയും
09 | റബ്ബർകൃഷിയുടെ സമഗ്രവിവരങ്ങൾ കർഷകന്റെ വിരൽത്തുമ്പിൽ
12 | വേമ്പനാട് റബ്ബേഴ്സ് പുതിയ ആസ്ഥാനമന്ദിരത്തിലേക്ക്
14 | സംഘങ്ങൾക്ക് കരുത്തായി കളക്ഷൻ മാനേജർമാർ
18 | റബ്ബർതടി വിപണിയിലെ മാറ്റങ്ങൾ
20 | റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതി - വിദ്യാഭ്യാസധനസഹായം
22 | തേവിയാർകുന്ന്: പ്രതിബദ്ധതയുടെ ഒരു സാക്ഷ്യപത്രം
27 | കോൾ സെന്റർ
34 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



709

# റബ്ബർ

ജൂൺ 2025

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

## മഴക്കാലം

# വരവായി

ഈ വർഷം കേരളത്തിൽ മഴ നേരത്തെ എത്തിയിരിക്കുന്നു. കേരളത്തിൽ മുൻ വർഷങ്ങളിൽ ജൂൺ ആദ്യം തുടങ്ങിയിരുന്ന തെക്കുപടിഞ്ഞാറൻ കാലവർഷം ഈ വർഷം നേരത്തെ എത്തുമെന്നും മഴ അധികമായിരിക്കുമെന്നും കാലാവസ്ഥാവകുപ്പ് പ്രവചിച്ചിരുന്നു.

മഴക്കാലം കൂടുതൽ ഉത്പാദനം ലഭിക്കുന്ന കാലമാണെങ്കിലും റബ്ബറിന് ഇത് ഒരു രോഗകാലം കൂടിയാണ്. അകാലിക ഇലകൊഴിച്ചിൽ, ഇലപ്പൊട്ടുരോഗം, പാച്ച് കാങ്കർ, ചീക്ക്, പട്ടചീയൽ, കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങളെല്ലാം ഈ സമയത്താണ് റബ്ബർമരങ്ങളെ ബാധിക്കുന്നത്. ഇതിനെല്ലാം ഫലപ്രദമായ പ്രതിവിധികൾ ഉണ്ട്. സംശയങ്ങൾ ദൂരീകരിക്കുന്നതിന് കർഷകർക്ക് റബ്ബർബോർഡ് കോൾസെന്ററിലോ (0481 –2576622) റബ്ബർ ക്ലിനിക്കിന്റെ വാട്ട്സ് ആപ്പ് നമ്പറിലോ (9496333117) ബന്ധപ്പെടാവുന്നതാണ്.

അതുപോലെ ഈ സമയം റബ്ബർതോട്ടങ്ങളിൽ കൊതുകുകൾ പെരുകാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് കൊതുകുകൾക്ക് വളരാനുള്ള സാഹചര്യം ഒരുക്കുന്നു. റബ്ബർതോട്ടങ്ങളിൽ റബ്ബർപാൽ ശേഖരിക്കാൻ വെച്ചിരിക്കുന്ന ചിരട്ടകളിൽ വെള്ളം കെട്ടിനിന്നാൽ കൊതുകുകൾ മുട്ടയിട്ട് പെരുകാൻ സാധ്യതയുണ്ട്. അതിനാൽ റബ്ബർപാൽ എടുത്തുകഴിഞ്ഞാൽ ചിരട്ടകൾ കമിഴ്ത്തിവെയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. റെയിൻഗാർഡുകളുടെ മടക്കിലും തോട്ടത്തിൽ ഉപേക്ഷിച്ചിടുന്ന പ്ലാസ്റ്റിക്കിലും പശയുടെ ടിന്നുകളിലുമൊക്കെ വെള്ളം കെട്ടിനിൽക്കാം. ഇതൊക്കെ ഒഴിവാക്കാൻ ശ്രദ്ധിക്കണം. ടാപ്പിങ് തൊഴിലാളികൾക്കാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാനാകുക. കർഷകർ അവരെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

– എഡിറ്റർ



# റബ്ബർബോർഡിന്റെ സംരംഭങ്ങളോട്
# കർഷകർ സഹകരിക്കണം

പ്രകൃതിദത്തറബ്ബറും ഉത്പന്നങ്ങളും ഇപ്പോൾ യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായ ഉത്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ വനനാശന നിയന്ത്രണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ. – EUDR) പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന പ്രക്രിയയിലാണ് റബ്ബർബോർഡ്. ഇന്ത്യയിൽ നിന്ന് യൂറോപ്യൻ യൂണിയനിലേക്കുള്ള റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതിയെ ഈ ചട്ടങ്ങൾ ഒരു തരത്തിലും ബാധിക്കില്ലെന്ന് ഉറപ്പാക്കാനുള്ള നടപടികൾ റബ്ബർബോർഡ് സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ റിസ്ക് കുറഞ്ഞ (low risk) രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിട്ടുള്ളത്. എങ്കിലും, തോട്ടങ്ങളുടെ ജിയോ ലൊക്കേഷനുകൾ ഉൾപ്പെടെ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. റബ്ബർബോർഡ് ഇതിനായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ജിയോ-മാപ്പിങ്, ഉത്പന്നങ്ങൾക്ക് ഡ്യൂ ഡിലിജൻസ് സർട്ടിഫിക്കറ്റ് തുടങ്ങിയ കാര്യങ്ങൾക്ക് ട്രയാംബു ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (TRST01) എന്ന സ്ഥാപനത്തെയാണ് റബ്ബർബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യയിലെ റബ്ബർ വളരുന്ന പ്രദേശങ്ങൾ മാപ്പ് ചെയ്യുന്നത് റബ്ബർ, റബ്ബറുത്പന്ന കയറ്റുമതിയുമായി ബന്ധപ്പെട്ട് ഒരു ട്രേസബിലിറ്റി സിസ്റ്റം (tracibility system) വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. ആദ്യഘട്ടത്തിൽ 10 ജില്ലകളെയാണ് ജിയോ മാപ്പിങ്ങിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ എട്ടും തമിഴ്നാട്ടിലെയും കർണാടകയിലെയും ഓരോ ജില്ലകളിലുമായി 20,000 ഹെക്ടർ റബ്ബർതോട്ടങ്ങൾ ഇതിനകം മാപ്പുചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന വിവരങ്ങൾ റബ്ബർബോർഡിന്റെ കേന്ദ്രീകൃത ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നതും വിവരങ്ങളുടെ രഹസ്യാത്മകത ഉറപ്പാക്കുകയും ചെയ്യുന്നതാണ്. ഇ.യു.ഡി.ആർ. -മായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവെയ്ക്കാനായി, തോട്ടമുടമകൾക്കും റബ്ബർഡീലർമാർക്കും സംസ്കർത്താക്കൾക്കും വ്യവസായികൾക്കുമായി അവബോധനപരിപാടികൾ റബ്ബർബോർഡ് സംഘടിപ്പിച്ചുവരുന്നു. ട്രേസബിലിറ്റി (traceability) ഉറപ്പാക്കുന്നതിന് റബ്ബർബോർഡിന്റെ EUDR/iSNR (Indian Sustainable Natural Rubber) പോർട്ടലിൽ കർഷകർ, എസ്റ്റേറ്റുടമകൾ, ഡീലർമാർ, പ്രോസസ്സർമാർ, ഉത്പന്നനിർമാതാക്കൾ, കയറ്റുമതിക്കാർ എന്നിവർക്കായി രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉത്ഭവസ്ഥാനം, പോളിഗൺ സെറ്റുകൾ, ഡ്യൂ ഡിലിജൻസ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുന്ന ട്രേസബിലിറ്റി സർട്ടിഫിക്കറ്റുകൾ റബ്ബർബോർഡിന്റെ പോർട്ടൽ വഴി കയറ്റുമതിക്കാർക്ക് ലഭ്യമാകും.

ലോകബാങ്കിന്റെ സഹായത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ (KERA) പദ്ധതിയുടെ നടത്തിപ്പിൽ റബ്ബർബോർഡും പങ്കാളിയാകുന്നു എന്നത് സന്തോഷകരമാണ്. പദ്ധതിപ്രകാരം മികച്ച ഉത്പാദന ശേഷിയും കാലാവസ്ഥാവ്യതിയാനങ്ങളെ തരണം ചെയ്യാൻ ശേഷിയുമുള്ള റബ്ബറിനങ്ങൾ ഉപയോഗിച്ച് റബ്ബർതോട്ടങ്ങളിൽ ആവർത്തനക്കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി കേരളത്തിലെ ആറു ജില്ലകളിലാണ് നടപ്പാക്കുന്നത്. 2025–26 മുതൽ 2028–29 വരെയുള്ള കാലയളവിൽ 30,000 ഹെക്ടർ സ്ഥലത്തെ ആവർത്തനക്കൃഷിയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഹെക്ടർ പ്രതി 75,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയുടെ അടങ്കൽ 225 കോടി രൂപയാണ്. ഇതുമായി ബന്ധപ്പെട്ട് ഏകദേശം ഒരുലക്ഷം കർഷകർക്ക് പരിശീലനവും നൽകുന്നതാണ്.

ഈ പദ്ധതികൾ വിജയകരമാക്കുന്നതിന് കർഷകരുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



പ്രദീപ് ബി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



ഡോ. ജെസ്സി എം.ഡി.
ഡയറക്ടർ ഇൻ-ചാർജ് (റിട്ട.)
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



ആതിര പ്രസാദ്
ഗവേഷണവിദ്യാർത്ഥിനി




അബിൻ ദിവാകരൻ
ഗവേഷണവിദ്യാർത്ഥി


# മാറുന്ന കാലാവസ്ഥയും റബ്ബർകൃഷിയും

വയനാട് ജില്ലയിലെ ചൂരൽമലയിൽ 2024 ജൂലൈയിലുണ്ടായ അതിതീവ്രമായ ഉരുൾപൊട്ടൽ കേരളജനതയെ മൊത്തം കണ്ണീരിലാഴ്ത്തിയ സംഭവമാണ്. 2017 നവംബറിൽ കന്യാകുമാരി ജില്ലയിലും തിരുവനന്തപുരത്തിന്റെ ചില പ്രദേശങ്ങളിലും അതിശക്തമായ 'ഓഖി' ചുഴലിക്കാറ്റ് വീശിയടിച്ചതിന്റെ ഫലമായി ഏകദേശം 3.7 ലക്ഷം ഹെക്ടർ സ്ഥലത്തെ റബ്ബർമരങ്ങൾക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. ശക്തമായ ചുഴലിക്കാറ്റുകൾ കേരളത്തിൽ ഒരു സ്ഥിരം പ്രതിഭാസമല്ലെങ്കിലും 2019-ൽ മലപ്പുറം ജില്ലയിലും 2020-ൽ ഇടുക്കി ജില്ലയിലും 2021-ൽ കോട്ടയം ജില്ലയിലും ഒക്കെ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. അടിക്കടി ഉണ്ടാകുന്ന അതിതീവ്രമഴയും പ്രളയവും ഉരുൾപൊട്ടലും കാലാവസ്ഥാമാറ്റം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളാണ്. അതുകൊണ്ടുതന്നെ, കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ പ്രാധാന്യമർഹിക്കുന്നതാണ്. മാറുന്ന കാലാവസ്ഥയ്ക്കനുസരിച്ച് റബ്ബർകൃഷി പൊരുത്തപ്പെടേണ്ടത് കേരളത്തിലെ റബ്ബർകൃഷിയുടെ സുസ്ഥിരമായ (sustainable) നിലനിൽപിന് അത്യന്താപേക്ഷിതമാണ്. കേരളത്തിലെ റബ്ബർ കൃഷിചെയ്യുന്ന പ്രദേശങ്ങളിലെ കാലാവസ്ഥയിൽ വന്നിരിക്കുന്ന പ്രധാന മാറ്റങ്ങളെക്കുറിച്ചും റബ്ബർകൃഷിയിൽ കാലാവസ്ഥാവ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളെക്കുറിച്ചുമാണ് ഈ ലേഖനം.

റബ്ബർമരങ്ങളുടെ വളർച്ചയിലും റബ്ബറുത്പാദത്തിലും താപനിലയുടെ പങ്ക് പ്രധാനമാണ്. കേരളത്തിലെ നിലവിലെ കാലാവസ്ഥയിൽ നിന്നും ഒരു ഡിഗ്രി താപനില കൂടിയാൽ ഏകദേശം 9 മുതൽ 16 വരെ ശതമാനം റബ്ബറുത്പാദനം കുറയുമെന്നാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഗവേഷണകേന്ദ്രം കോട്ടയം, പത്തനംതിട്ട ജില്ലയിലെ ചേതയ്ക്കൽ, കണ്ണൂർ ജില്ലയിലെ പടിയൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ പഠനങ്ങൾ കഴിഞ്ഞ മുപ്പതു വർഷമായി താപനില ക്രമാതീതമായി കൂടുന്നുണ്ടെന്ന് സൂചിപ്പിക്കുന്നു. റബ്ബറിന്റെ ഈറ്റില്ലമായ കോട്ടയത്ത്







*ചിത്രം 1. കഴിഞ്ഞ മുപ്പത് വർഷങ്ങളിൽ (1993-2022) കോട്ടയത്തെ താപനിലയിൽ 34 ഡിഗ്രിയും അതിൽ കൂടുതലും രേഖപ്പെടുത്തിയ ദിവസങ്ങളുടെ എണ്ണത്തിൽ വന്നിരിക്കുന്ന വർധന.*

താപനില 34 ഡിഗ്രിയും അതിൽ കൂടുതലും രേഖപ്പെടുത്തിയ ദിവസങ്ങൾ പ്രത്യേകിച്ചും 2010-നു ശേഷം ക്രമാതീതമായി കൂടുന്നുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട് (ചിത്രം 1). ചേതയ്ക്കലിലും പടിയൂരിലും സമാനമായ രീതിയിലുള്ള താപനില വർധനയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.


കഴിഞ്ഞ 60 വർഷത്തെ കണക്കെടുത്താൽ 2000-ത്തിനു ശേഷം 2003, 2012, 2016 വർഷങ്ങളിൽ കേരളത്തിൽ വരൾച്ച (drought) കാര്യമായി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കാലാവസ്ഥയിൽ വന്നിരിക്കുന്ന ഈ മാറ്റങ്ങൾ റബ്ബർകൃഷിയേയും ബാധിക്കാൻ സാധ്യതയുണ്ട്. കേരളത്തിലെ റബ്ബർ കൃഷിചെയ്യുന്ന പ്രദേശങ്ങളിൽ താപനില കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വരൾച്ചയെ പ്രതിരോധിക്കാൻ ശേഷിയുള്ള (drought tolerant) റബ്ബറിനങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും വരൾച്ചയെ പ്രതിരോധിക്കാനുള്ള സുസ്ഥിര കാർഷിക രീതികൾ (Sustainable Agricultural Practices) പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയും മാറുന്ന കാലാവസ്ഥയ്ക്കനുസരിച്ച് പ്രാധാന്യം അർഹിക്കുന്നു.

ഇനി കോട്ടയത്ത് ലഭിച്ച മഴയുടെ കഴിഞ്ഞ 60 വർഷത്തെ കണക്കെടുത്താൽ കാലത്തിനനുസരിച്ച് കിട്ടിക്കൊണ്ടിരിക്കുന്ന മഴയുടെ രീതിയിലും (pattern of distribution) തോതിലും കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നു കാണാം. ഉദാഹരണത്തിന് 1963 മുതൽ 2022 വരെയുള്ള കാലയളവിൽ തെക്കുപടിഞ്ഞാറൻ (South West) കാലവർഷത്തിൽ ലഭിച്ച മഴയുടെ ദിവസങ്ങളുടെ എണ്ണം നേരിയ തോതിൽ കുറഞ്ഞുവരുന്നതായി പഠനം സൂചിപ്പിക്കുന്നു (ചിത്രം 2). പൊതുവെ ജൂൺ മാസത്തിൽ കേരളത്തിൽ താരതമ്യേന കൂടുതലായി മഴ ലഭിക്കാറുണ്ട്. 1963-മുതൽ 1990 വരെ കോട്ടയത്ത് ജൂൺ മാസത്തിൽ കൂടുതൽ മഴ ലഭിച്ചെങ്കിലും 1993 മുതൽ 2022 വരെ ജൂണിൽ ലഭിച്ച മഴയുടെ തോത് കുറഞ്ഞുവരുന്നതായി കാണുന്നു (ചിത്രം 3b). മഴയുടെ തോതിലും രീതിയിലും വന്നിരിക്കുന്ന ഈ മാറ്റങ്ങൾ റബ്ബർകൃഷിയേയും ബാധിച്ചേക്കാം. പ്രധാനമായും റബ്ബർതോട്ടങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങൾ മഴയും താപനിലയുമായി ബന്ധപ്പെട്ടിരിക്കുന്നു. വടക്കുകിഴക്കൻ മേഖലയെ അപേക്ഷിച്ച് പരമ്പരാഗതമേഖലയിലെ റബ്ബർ കൃഷിചെയ്യുന്ന സ്ഥലങ്ങളിലാണ് കാലാനുസൃതമായി താപനിലയിൽ പ്രകടമായ മാറ്റങ്ങൾ കാണുന്നത്.

അന്തർദേശീയ സംഘടനയായ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (ഐ.പി.സി.സി),




*ചിത്രം 2. കഴിഞ്ഞ 60 വർഷങ്ങളിൽ (1963-2022) തെക്കുപടിഞ്ഞാറൻ കാലവർഷത്തിലൂടെ കോട്ടയത്ത് ലഭിച്ച മഴയുടെ ദിവസങ്ങളുടെ എണ്ണത്തിൽ വന്നിരിക്കുന്ന മാറ്റം.*




*ചിത്രം 3. കഴിഞ്ഞ 60 വർഷക്കാലയളവിൽ (1963–1992 വരെയും 1993–2022 വരെയും) ജൂൺ മാസത്തിൽ കോട്ടയത്ത് ലഭിച്ച മഴയുടെ തോതിൽ വന്നിരിക്കുന്ന പ്രകടമായ മാറ്റം.*

മാറുന്ന കാലാവസ്ഥയ്ക്കനുസരിച്ചുള്ള സുസ്ഥിര കാർഷികരീതികൾ (Sustainable Agricultural Practices ) അനുവർത്തിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. റബ്ബർകൃഷിയിലും മാറുന്ന കാലാവസ്ഥക്കനുസരിച്ച് സുസ്ഥിര കാർഷികരീതികൾ അനുവർത്തിക്കേണ്ടത് ആവശ്യമാണ്. ഇത് കാലാവസ്ഥാവ്യതിയാനവുമായി പൊരുത്തപ്പെടാനും (adaption) റബ്ബർകൃഷിയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ തീവ്രത ലഘൂകരിക്കാനും സഹായിക്കും. ഇന്ത്യയിലെ റബ്ബർകൃഷിയുടെ സുസ്ഥിരവികസനത്തിന് ഇത് വളരെ അത്യന്താപേക്ഷിതമാണ്. കുറച്ചു വർഷങ്ങളായി, ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്.

അടുത്തകാലത്ത് കേരളത്തിലെ കാലാവസ്ഥയിൽ വന്ന മാറ്റങ്ങൾ പ്രകടമാണ്. അതിതീവ്ര മഴ, പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയവ ഇതിന്റെ പ്രത്യാഘാതങ്ങളാണ്. കേരളത്തിലെ റബ്ബർ കൃഷിചെയ്യുന്ന സ്ഥലങ്ങൾ ഉരുൾപൊട്ടൽ (Landslide) സാധ്യതയുള്ള പ്രദേശത്താണോ സ്ഥിതിചെയ്യുന്നത് എന്നറിയാനും ഉരുൾപൊട്ടൽസാധ്യതയുള്ള സ്ഥലങ്ങളിലാണ് റബ്ബർതോട്ടങ്ങളെങ്കിൽ അവിടെ അനുവർത്തിക്കേണ്ട സുസ്ഥിര കാർഷികരീതികൾ അറിയാനും https://lsz.rubberboard.org.in/ എന്ന പോർട്ടൽ (portal) പ്രയോജനപ്പെടുത്താവുന്നതാണ്. കേരളത്തിലെ റബ്ബർകൃഷി പ്രളയസാധ്യതയുള്ള പ്രദേശത്താണെങ്കിൽ അവിടെ അനുവർത്തിക്കേണ്ട സുസ്ഥിര കാർഷികരീതികളെക്കുറിച്ച് അറിയാൻ https://floodmap.rubberboard.org.in എന്ന വെബ്സൈറ്റ് ഉപയോഗിക്കുക. വടക്കുകിഴക്കൻ മേഖലയിലെ ചില സ്ഥലങ്ങളിൽ ശക്തമായ കാറ്റ് റബ്ബർകൃഷിയെ ബാധിക്കാറുണ്ട്. ഇതുമായി ബന്ധപ്പെട്ട പഠനങ്ങളും ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പുരോഗമിക്കുന്നുണ്ട്.

ഇന്ത്യയിലെ റബ്ബർ കൃഷിചെയുന്ന സ്ഥലങ്ങളിൽ കാലാവസ്ഥാവ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് ഇതുപോലുള്ള പഠനങ്ങൾ അത്യന്താപേക്ഷിതമാണ്. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട വരൾച്ച, പ്രളയം, ഉരുൾപൊട്ടൽ, ശക്തമായ കാറ്റ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വിവരസാങ്കേതികവിദ്യയുടെ (Information communication and technology) സഹായത്തോടെ കാലാവസ്ഥാവ്യതിയാന പ്രത്യാഘാതങ്ങളെ ലഘൂകരിക്കാൻ സഹായിക്കുന്ന ഒരു 'ഇൻഫർമേഷൻ സിസ്റ്റം' വികസിപ്പിക്കാനും ഇതുപോലുള്ള പഠനങ്ങൾ ഉപകരിക്കും. ഇത് റബ്ബർകർഷകരിൽ കാലാവസ്ഥാമാറ്റങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നുനൽകാനും പ്രതികൂല കാലാവസ്ഥയ്ക്കനുസരിച്ചുള്ള സുസ്ഥിര കാർഷികരീതികൾ അനുവർത്തിക്കാനും ഉപകരിക്കും. •



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



ഡോ. ജെസ്സി എം.ഡി.
ഡയറക്ടർ ഇൻ-ചാർജ് (റിട്ട)
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



ഡോ. തോംസൺ ഏബ്രഹാം
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



പ്രദീപ് ബി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം


# റബ്ബർകൃഷിയുടെ സമഗ്രവിവരങ്ങൾ കർഷകന്റെ വിരൽത്തുമ്പിൽ

നിരവധി ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞ നൂതന കൃഷിസമ്പ്രദായങ്ങളെയും ശുപാർശകളെയും ഉപഗ്രഹസാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച് റബ്ബർകൃഷിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മാർഗനിർദേശങ്ങളും റബ്ബർകർഷകരുടെ വിരൽത്തുമ്പിലെത്തിക്കുന്ന വിവര വിനിമയസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു മൊബൈൽ ആപ്പാണ് 'CRISP' (Comprehensive Rubber Information System Platform). കേരള ഡിജിറ്റൽ സർവ്വകലാശാലയുമായി സഹകരിച്ചാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഈ മൊബൈൽ ആപ്പ് (ചിത്രം 1) വികസിപ്പിച്ചെടുത്തത്. ആഗോളതലത്തിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ റബ്ബർകൃഷി സംബന്ധമായ സമഗ്രവിവരങ്ങൾ അറിയുന്നതിന് ഒരു സംവിധാനം നടപ്പാക്കിയിരിക്കുന്നത്. കാലാവസ്ഥ, തോട്ടത്തിന്റെ ഭൂപ്രകൃതി, മണ്ണിന്റെ ആഴവും ഫലപുഷ്ടിയും, ഓരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങൾ, കൃഷിരീതികൾ, രോഗങ്ങളും പ്രതിവിധികളും, റബ്ബർകൃഷിയുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്രപരമായ സ്ഥാനം അടിസ്ഥാനമാക്കിയതും അല്ലാത്തതുമായ വിവരങ്ങൾ എന്നിവ സംയോജിപ്പിച്ചുള്ള ഒരു സംവേദനാത്മക സംവിധാനമാണ് ഇത്. ജിയോ-ICT അടിസ്ഥാനമാക്കിയുള്ള ഈ ആപ്പിലൂടെ ഒരു കർഷകന് തന്റെ തോട്ടത്തിൽ നടേണ്ട ഏറ്റവും യോജിച്ച റബ്ബറിനങ്ങളെക്കുറിച്ചും അനുവർത്തിക്കേണ്ട കൃഷിപരിപാലനങ്ങളെക്കുറിച്ചുമുള്ള നിർദേശങ്ങൾ ലഭ്യമാണ്. 'ഗൂഗിൾ പ്ലേസ്റ്റോറി'ൽ 'CRISP Rubber Board' എന്ന് തെരഞ്ഞാൽ ഈ മൊബൈൽ ആപ്പ് ലഭ്യമാകും.

### ആപ്പിലൂടെ ലഭ്യമാകുന്ന മാർഗനിർദേശങ്ങളും സേവനങ്ങളും

ഈ മൊബൈൽ ആപ്പിന്റെ ഹോം പേജ് (ചിത്രം 1) പ്രധാനമായും ആറ് അടിസ്ഥാന വിഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. പ്രാദേശികാടിസ്ഥാനത്തിലുള്ള ശുപാർശകൾ, മാർഗനിർദേശങ്ങൾ, ചോദ്യോത്തരങ്ങൾ, സമീപത്തുള്ള റബ്ബർബോർഡ് സ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും, പ്രാദേശിക-അന്തർദേശീയ റബ്ബർ വിലകൾ, കാലാവസ്ഥാ റിപ്പോർട്ടുകൾ തുടങ്ങിയവയാണവ. കൂടാതെ, ചാറ്റ്ബോട്ട്, വിദഗ്ധരോട് ചോദിക്കുക, മണ്ണുപരിശോധന, കാലാനുസൃതമായ അറിയിപ്പുകൾ (അലെർട്ട്) എന്നീ സൗകര്യങ്ങളും ലഭ്യമാണ്.




*ചിത്രം 1 - CRISP ആപ്പിന്റെ ഹോം പേജ്*

### 1. പ്രാദേശികാടിസ്ഥാനത്തിലുള്ള ശുപാർശകൾ

**റബ്ബറിനങ്ങൾ:** പ്രാദേശികാടിസ്ഥാനത്തിലും സമുദ്രനിരപ്പിൽനിന്നുള്ള ഉയരവുമനുസരിച്ചും ഓരോ കർഷകന്റെയും തോട്ടത്തിനനുയോജ്യമായ റബ്ബറിനങ്ങൾ തെരഞ്ഞെടുക്കു ന്നതിനുള്ള വിവരങ്ങൾ ഇവിടെ ലഭ്യമാണ് (ചിത്രം 2).

**നടീൽ കുഴികൾ:** മണ്ണിന്റെ ആഴത്തെ അടിസ്ഥാനമാക്കി തൈ നടുന്നതിനുള്ള കുഴിയുടെ വലുപ്പത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു.

**ഇടയകലം:** സ്ഥലത്തിന്റെ ചെരിവിനനുസരിച്ച് ഓരോ സ്ഥലത്തിനും യോജിച്ച നടീൽരീതികളെക്കുറിച്ചും മരങ്ങൾ തമ്മിൽ നൽകേണ്ട ഇടയകലങ്ങളെ



ചിത്രം 2 - ഓരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങൾ



ചിത്രം 4 - പോഷകമൂലക അപര്യാപ്തത - ലക്ഷണങ്ങളും പരിഹാരങ്ങളും

ക്കുറിച്ചുമുള്ള ശുപാർശകൾ നൽകുന്നു. അതുപോലെ തന്നെ നടീൽ സാന്ദ്രത (ഒരു ഹെക്റിൽ നടാവുന്ന മരങ്ങളുടെ എണ്ണം) സംബന്ധിച്ച ശുപാർശകളും ഇതിൽ ലഭ്യമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് ജിയോളജിക്കൽ സർവീസിൽ നിന്നു ലഭിക്കുന്ന എലിവേഷൻ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് തോട്ടത്തിന്റെ ചെരിവ് നിർണയിക്കുന്നത്.

**ഇടവിളകൾ:** ഓരോ സ്ഥലത്തേയും ഭൂപ്രകൃതിക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ഇടവിളകളെക്കുറിച്ചും ഇടവിളക്കൃഷിക്ക് യോജിച്ച നടീൽരീതികളെക്കുറിച്ചും ശുപാർശകൾ ലഭ്യമാണ്.

**റബ്സിസ്:** ഓരോ തോട്ടത്തിന്റെയും മണ്ണിന്റെ ഗുണനിലവാരവും ഓൺലൈൻ വളപ്രയോഗശുപാർശകളും ഇതിൽ ലഭ്യമാണ് (ചിത്രം 3).

**പോഷകമൂലകങ്ങളുടെ അപര്യാപ്തത:** പോഷകമൂലകങ്ങളുടെ അപര്യാപ്തതമൂലം റബ്ബർമരങ്ങളിൽ കാണുന്ന ലക്ഷണങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും ഇതിൽ നിർദ്ദേശിക്കുന്നു (ചിത്രം 4).

## 2. മാർഗനിർദ്ദേശങ്ങൾ

**വിളവെടുപ്പ്:** റബ്ബർമരത്തിൽ ടാപ്പിങ് തുടങ്ങുന്നതിനുള്ള മാനദണ്ഡം, ഉത്തേജകൗഷധപ്രയോഗക്രമം, ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, റെയിൻഗാർഡിങ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഇവിടെ പ്രതിപാദിക്കുന്നു.

**റബ്ബർഷീറ്റ് നിർമാണം:** മരങ്ങളിൽ നിന്ന് റബ്ബർപാൽ ശേഖരിച്ച് ഉറകൂട്ടുന്നതിനു മുതൽ ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിക്കുന്നതിനുവരെയുള്ള മാർഗനിർദേശങ്ങൾ ഈ ആപ്പിൽ ലഭ്യമാണ്.

**രോഗ-കീടനിയന്ത്രണം:** കർഷകർക്ക് രോഗ-കീടബാധയെ തിരിച്ചറിയുന്നതിന് സഹായമാകുന്ന ചിത്രങ്ങളും അവയെ നിയന്ത്രിക്കേണ്ടതിന് അവലംബിക്കേണ്ട മാർഗങ്ങളും ഇതിൽ ലഭ്യമാണ് (ചിത്രം 5).

**ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽസാധ്യത:** ഉരുൾപൊട്ടൽ/ മണ്ണിടിച്ചിലുകൾ ഉണ്ടാകാനുള്ള സാധ്യതയെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. കേരളത്തിലെ ഓരോ ജില്ലയിലേയും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളുടെ മാപ്പുകൾ ഇതിൽ ലഭ്യമാണ് (കോട്ടയം ജില്ല - ചിത്രം 6). ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശമാണെങ്കിൽ പ്രകൃതിദുരന്തത്തിനുള്ള സാധ്യതയെ അടിസ്ഥാനമാക്കി തോട്ട ങ്ങളിൽ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കൃഷി മുറകൾ ഇവിടെ പരാമർശിച്ചിരിക്കുന്നു.


**പ്രളയ സാധ്യത:** കേരളത്തിലെ ഓരോ ജില്ലയിലേയും പ്രളയ സാധ്യതാപ്രദേശങ്ങളുടെ മാപ്പുകൾ ഇതിൽ ലഭ്യമാണ്. റബ്ബർതോട്ടങ്ങൾ പ്രളയ സാധ്യതയുള്ള പ്രദേശത്താണെങ്കിൽ അവിടെ അനുവർത്തിക്കേണ്ട കൃഷിമുറകൾ ഇവിടെ നിർദേശിച്ചിരിക്കുന്നു.



ചിത്രം 3 - പ്രാദേശികാടിസ്ഥാനത്തിലുള്ള വളപ്രയോഗം



ചിത്രം 5 - രോഗലക്ഷണങ്ങളും നിയന്ത്രണമാർഗങ്ങളും




*ചിത്രം 6 - കോട്ടയം ജില്ലയിലെ ഉരുൾപൊട്ടൽ /മണ്ണിടിച്ചിൽ സാധ്യതാപ്രദേശങ്ങൾ*

**വിവേചനാപൂർവ്വകമായ വളപ്രയോഗം:** മണ്ണ്/ ഇല എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന് മണ്ണും ഇലയും ശേഖരിക്കുന്ന വിധം, വളം ഇടേണ്ട സമയം, രീതി എന്നിവ സംബന്ധിച്ച മാർഗനിർദേശങ്ങളും ഈ ആപ്പിൽ ലഭ്യമാണ്.




*ചിത്രം 7 - പ്രാദേശിക-അന്തർദേശീയ റബ്ബർവില*

### 3. ചോദ്യോത്തരങ്ങൾ

വിളപരിപാലനം, വിള സംരക്ഷണം, വിളവെടുപ്പ്, നടീൽവസ്തുക്കൾ എന്നിവയെക്കുറിച്ചുള്ള കർഷകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഉപകാരപ്രദമായ ചോദ്യങ്ങളും ഉത്തരങ്ങളും ഇതിൽ കൊടുത്തിട്ടുണ്ട്.

### 4.സമീപത്തുള്ള റബ്ബർബോർഡ് സ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും

കർഷകർക്ക് സമീപത്തുള്ള ഫീൽഡ് സ്റ്റേഷനുകൾ, സമൂഹസംസ്കരണശാലകൾ, റബ്ബർബോർഡു കമ്പനികൾ, റീജിയണൽ ഓഫീസുകൾ, റബ്ബറുത്പാദകസംഘങ്ങൾ, റബ്ബർ ഗവേഷണകേന്ദ്രങ്ങൾ എന്നിവയുടെ വിലാസം, ലൊക്കേഷൻ മാപ്പ് തുടങ്ങിയ വിവരങ്ങൾ ഈ ആപ്പിൽ നിന്ന് ലഭിക്കും.

### 5. റബ്ബർവില

'CRISP' മൊബൈൽ ആപ്പിന്റെ പ്രധാന സവിശേഷതകളിലൊന്നാണ് പ്രാദേശികവും അന്തർദേശീയവുമായ റബ്ബർവില ദിവസേന അപ്ഡേറ്റ് ചെയ്യപ്പെടുന്നത്. ഷീറ്റുറബ്ബർ, ലാറ്റക്സ്, ബ്ലോക്കുറബ്ബർ തുടങ്ങി വിവിധ തരത്തിൽ പെട്ടതും വിവിധ ഗ്രേഡുകളിലുള്ളതുമായ റബ്ബറിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെ അതത് ദിവസത്തെ വില ഇതിലൂടെ ലഭ്യമാണ്. കർഷകർ, വ്യാപാരികൾ, മറ്റു വ്യവസായ പങ്കാളികൾ തുടങ്ങിയവർക്ക് നൂതനവും വിശ്വസനീയവുമായ വിലവിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇത് സഹായകമാണ് (ചിത്രം 7).

### 6. കാലാവസ്ഥ

നിലവിലെ കാലാവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങളും അടുത്ത അഞ്ചു ദിവസത്തെ കാലാവസ്ഥാ പ്രവചനവും ഇതിൽ നൽകുന്നുണ്ട്.

സുസ്ഥിരമായ റബ്ബർകൃഷിക്ക് ആവശ്യമായ മികച്ച ഉത്പാദനക്ഷമത കൈവരിക്കുന്നതിനും കർഷകർക്ക് റബ്ബറുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായുള്ള ഒരു ഏകജാലക സംവിധാനം എന്ന രീതിയിലും ഈ സംവിധാനം പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. •



ബെർണാഡ് ഡിക്കൂഞ്ഞ
മാനേജിങ് ഡയറക്ടർ, വേമ്പനാട് റബ്ബേഴ്സ്

# വേമ്പനാട് റബ്ബേഴ്സ് പുതിയ ആസ്ഥാനമന്ദിരത്തിലേക്ക്

എറണാകുളം ജില്ലയിലെ പുത്തൻകുരിശിൽ വേമ്പനാട് റബ്ബേഴ്സ് പുതുതായി പണികഴിപ്പിച്ച ആസ്ഥാനമന്ദിരം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശന്റെ അദ്ധ്യക്ഷതയിൽ കൂടിയ റബ്ബർ കർഷക സംഗമത്തിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. റബ്ബർ വിപണനമേഖലയിൽ റബ്ബർബോർഡു കമ്പനികളുടെ പ്രസക്തിയെക്കുറിച്ച് പ്രതിപാദിച്ച അദ്ദേഹം ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ കമ്പനികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് അഭിപ്രായപ്പെട്ടു.

വേമ്പനാട് റബ്ബേഴ്സ് പുത്തൻകുരിശിൽ സ്വന്തമായി വാങ്ങിയ 12 സെന്റ് സ്ഥലത്ത് നിർമിച്ച പുതിയ ഓഫീസ് സമുച്ചയത്തിന് 3400 ചതുരശ്ര അടി വിസ്തീർണമുണ്ട്. ഗ്രേഡിങ് സൗകര്യമുൾപ്പെടെ 60 മെട്രിക് ടൺ റബ്ബർഷീറ്റ് സംഭരിക്കുന്നതിനുമുള്ള ഗോഡൗൺ കൂടാതെ ഒട്ടുപാൽ സംഭരണത്തിനും കാർഷികോത്പാദനോപാധികളുടെ വിപണനത്തിനും പ്രത്യേക സൗകര്യങ്ങൾ പുതിയ ഓഫീസ് സമുച്ചയത്തിലുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസും ഡി.ആർ.സി. ടെസ്റ്റിങ് ലാബും ഇതിൽ ഉൾപെടുന്നു. ആലുവ, കുന്നത്തുനാട്, കണയന്നൂർ താലൂക്കുകളിലെ റബ്ബർകർഷകർക്ക് ഇത് പ്രയോജനം ചെയ്യും.

വേമ്പനാട് റബ്ബേഴ്സ് കമ്പനിയുടെ ചെയർമാൻ ഡോ. ബിനോയ് കെ. കുര്യൻ യോഗത്തിൽ സ്വാഗതം ആശംസിച്ചു. മുഖ്യപ്രഭാഷണം നടത്തിയ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജു റബ്ബർകൃഷിമേഖലയുടെ നവീകരണത്തിന് വേണ്ടി റബ്ബർബോർഡ് നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), സാലിമോൾ ഈപ്പൻ (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), കെ.പി. ഗീവർഗീസ് ബാബു




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. വേമ്പനാട് റബ്ബേഴ്സിന്റെ പുതിയ ആസ്ഥാനമന്ദിരം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്നു.*

(പ്രസിഡന്റ്, കാണിനാട് ആർ.പി.എസ്.), ബിജു തോമസ് (പ്രസിഡന്റ്, കൈപ്പട്ടൂർ മോഡൽ ആർ.പി.എസ്.), കെ.ഒ. ജോർജ് (പ്രസിഡന്റ്, മരങ്ങാട്ടുള്ളി നോർത്ത് ആർ.പി.എസ്.) എന്നിവർ ആശംസകൾ അർപിച്ച് സംസാരിച്ചു. മാനേജിങ് ഡയറക്ടർ ബർണാഡ് ഡിക്കൂഞ്ഞ നന്ദി പറഞ്ഞു.

റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്തസംരംഭമായി 1996-ൽ എറണാകുളത്ത് പ്രവർത്തനം ആരംഭിച്ച വേമ്പനാട് റബ്ബേഴ്സ് കഴിഞ്ഞ 29 വർഷമായി ജില്ലയിലെ റബ്ബർകർഷകരുടെ പ്രധാന കാർഷികവിപണനകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. കമ്പനിയുടെ ആസ്ഥാനം 2019-ൽ എറണാകുളം ജില്ലയിലെ പുത്തൻകുരിശിലേക്ക് മാറ്റി. കമ്പനിയുടെ പ്രവർത്തനമേഖലയിലെ 64 റബ്ബറുത്പാദകസംഘങ്ങളിൽ 43-ലധികം സംഘങ്ങൾ വേമ്പനാട് റബ്ബേഴ്സുമായി വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിലെ ആരക്കുന്നത്തും ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരിയിലും വേമ്പനാട് റബ്ബേഴ്സിന്റെ റബ്ബർസംഭരണ ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്.

റബ്ബർവ്യാപാരത്തിലും കാർഷികോത്പാദനോപാധികളുടെ വിപണനത്തിലും റബ്ബർകർഷകർ നേരിടുന്ന ചൂഷണത്തിൽ നിന്ന് സംരക്ഷണം നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ റബ്ബർബോർഡ് വിഭാനം ചെയ്ത സംയുക്തസംരംഭങ്ങളായ ട്രേഡിങ് കമ്പനികൾ റബ്ബർ മേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. ഇവ പൊതുവിപണിയിൽ കാർഷികോത്പാദനോപാധികളുടെ വില നിയന്ത്രിക്കുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നു. ഇന്ത്യയിലെ മൊത്തം റബ്ബർവ്യാപാരത്തിന്റെ മൂന്നു മുതൽ നാല് വരെ ശതമാനം മാത്രമാണ് റബ്ബർബോർഡു കമ്പനികൾ കൈകാര്യം ചെയ്യുന്നതെങ്കിലും സ്വകാര്യകച്ചവടക്കാരുടെ അമിതമായ ചൂഷണത്തിൽ നിന്ന് റബ്ബർകർഷകരെ സംരക്ഷിക്കുന്നതിനും അവരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില വാങ്ങികൊടുക്കുന്നുതിനും റബ്ബർബോർഡു കമ്പനികളുടെ ഇടപെടൽ മൂലം സാധിക്കുന്നുണ്ട്.

റബ്ബർപാൽ വിപണനം നടത്തുന്ന കർഷകരുടെ എണ്ണം കൂടിവരുന്ന ഇക്കാലത്ത് റബ്ബർപാലിൽ അടങ്ങിയിരിക്കുന്ന ഉണക്കറബ്ബറിന്റെ അളവ് കണക്കാക്കുന്നതിന് കർഷകരെ സഹായിക്കാൻ റബ്ബർബോർഡു കമ്പനികളുടെ കീഴിൽ പ്രവർത്തിക്കുന്ന ഡി.ആർ.സി. ടെസ്റ്റിങ് ലാബുകൾക്ക് സാധിക്കുന്നുണ്ട്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുന്ന വേമ്പനാട് റബ്ബേഴ്സിന് അസമിലെ ജോർഹട്ടിലും സിലാപ്പത്താറിലും റബ്ബർസംഭരണവും കാർഷികോത്പാദനോപാധികളുടെ വിണനവും നടത്തുന്ന കേന്ദ്രങ്ങളുണ്ട്. സമീപഭാവിയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മറ്റു പ്രദേശങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വാർഷിക വിറ്റുവരവ് 2024-2025 സാമ്പത്തികവർഷത്തിൽ 40 കോടി രൂപ പിന്നിട്ട കമ്പനിക്ക് കഴിഞ്ഞ അഞ്ചു വർഷം തുടർച്ചയായി ലാഭം കൈവരിക്കാൻ സാധിച്ചു. 2018-2019 സാമ്പത്തികവർഷത്തെ വാർഷികവിറ്റുവരവായ 12 കോടിയിൽ നിന്ന് അതിനെ 40 കോടിയിലേക്ക് ഉയർത്തുന്നതിന് സഹകരിച്ച റബ്ബറുത്പാദകസംഘങ്ങളെയും കർഷകസുഹൃത്തുക്കളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

*വേമ്പനാട് റബ്ബേഴ്സിന്റെ പുതിയ മേൽവിലാസം:*
വേമ്പനാട് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,
പുത്തൻകുരിശ് - വടവുകോട് റോഡ്,
മുക്കോട് കുരിശ് കവലയ്ക്ക് സമീപം,
പുത്തൻകുരിശ്, വടവുകോട് പി.ഒ.,എറണാകുളം ജില്ല.
ഫോൺ: 9567867880



ബി. ശ്രീകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (പി. ആന്റ് പി.ആർ.) ഇൻ-ചാർജ്

## സംഘങ്ങൾക്ക് കരുത്തായി

# കളക്ഷൻ മാനേജർമാർ

ചെറുകിട റബ്ബർകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് ഗ്രാമതലങ്ങളിൽ റബ്ബറുത്പാദകസംഘങ്ങൾ രൂപവത്കരിക്കപ്പെട്ടത്. റബ്ബർകൃഷി, വിളവെടുപ്പ്, സംസ്കരണം, വിപണനം എന്നീ മേഖലകളിലെല്ലാം കർഷകർക്ക് ഗുണകരമായ പല കാര്യങ്ങളും ചെയ്യാൻ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

റബ്ബർബോർഡ് വിഭാവനം ചെയ്തതുപോലെ ബോർഡിന്റെയും ഉത്പാദകസംഘങ്ങളുടെയും സംയുക്തസംരംഭങ്ങളായ കമ്പനികളുമായി സഹകരിച്ച്, കർഷകരുടെയും കമ്പനികളുടെയും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കാൻ കഴിയുന്ന സംഘങ്ങൾക്കാണ് ഈ മേഖലയിൽ ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുള്ളത്. ഉത്പാദകസംഘങ്ങളുടെ വിജയത്തിനു പിന്നിൽ സംഘം പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ശക്തവും കർമനിരതവുമായ ഭരണസമിതിയുടെ പങ്ക് വലുതാണ്. അതോടൊപ്പം എടുത്ത് പറയേണ്ട പ്രവർത്തനമാണ് സംഘം ഭരണസമിതിയോടും കർഷകരോടും ചേർന്ന് പ്രവർത്തിക്കുന്ന കളക്ഷൻ ഏജന്റുമാർ കാഴ്ചവെയ്ക്കുന്നത്. റബ്ബറുത്പാദകസംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിൽ കളക്ഷൻ ഏജന്റുമാർ നിർണായക പങ്ക് വഹിക്കുന്നു. ചെറുകിടകർഷകരിൽ നിന്ന് റബ്ബർപാൽ ശേഖരിക്കൽ, സമൂഹ റബ്ബർപാൽ സംസ്കരണം, കാർഷികോപാധികളുടെ വിതരണം എന്നിവയെല്ലാം ഇവരുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലെ റബ്ബറുത്പാദകസംഘങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. റബ്ബർപാൽ സംഭരണത്തിലും സംസ്കരണത്തിലും അടിസ്ഥാനസൗകര്യവികസനത്തിന്റെ കാര്യത്തിലും ഗണ്യമായ പുരോഗതിയാണ് നിലമ്പൂർ മേഖലയിലെ സംഘങ്ങൾ കൈവരിച്ചിരിക്കുന്നത്. ഈ പ്രദേശത്തെ സംഘങ്ങളും സംഘങ്ങളുടെ കീഴിലുള്ള സമൂഹസംസ്കരണശാലകളും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. നിലമ്പൂർ, മഞ്ചേരി റീജിയണൽ ഓഫീസുകളുടെ പരിധിയിൽ വരുന്ന സംഘങ്ങൾക്ക് ജില്ലയിലെ റബ്ബറുത്പാദനത്തിൽ ഗണ്യമായ പങ്കുണ്ട്. ഈ മേഖലയിലെ സംഘങ്ങളും റബ്ബർബോർഡ് റീജിയണൽ ഓഫീസും റബ്ബർബോർഡ് ഉടമസ്ഥതയിലുള്ള തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് കമ്പിനിയുമായുള്ള ബന്ധം തന്നെയാണ് ഈ മികവിന് നിദാന്തമാകുന്നത്. ഇതിന്റെ ഫലമായി റബ്ബറിന്റെ



ഡോ. ബിനോയ് കെ. കുര്യൻ സംശയങ്ങൾക്ക് മറുപടി പറയുന്നു. ഷാജു വർഗീസ്, ബി. ശ്രീകുമാർ, ജോബി തോമസ് എന്നിവർ സമീപം (ഇടത്തുനിന്ന്)

കൃഷി, സംസ്കരണം, വിപണം തുടങ്ങി ബന്ധപ്പെട്ട സമസ്ത മേഖലകളിലും ഈ പ്രദേശത്ത് ഉണ്ടാക്കിയ ചലനങ്ങൾ മാതൃകാപരമാണ്. നിലമ്പൂർ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള 47 റബ്ബറുത്പാദകസംഘങ്ങളിൽ പകുതിയോളം സംഘങ്ങളിൽ സമൂഹസംസ്കരണശാലകൾ ഉണ്ട്. ഇവിടെ പ്രധാനമായും ആർ.എസ്.എസ്. ഒന്നാം ഗ്രേഡ് ഷീറ്റുകളാണ് ഉത്പാദിപ്പിക്കുന്നത്. ഷീറ്റിന്റെ വിപണനം തുഞ്ചത്ത് എഴുത്തച്ഛൻ കമ്പനി മുഖേനയാണ് നടത്തുന്നത്. ഇന്ന് ഉയർന്ന ഗ്രേഡ് ഷീറ്റിന്റെ വിപണനത്തിൽ പ്രഥമസ്ഥാനത്തുള്ള സ്ഥാപനമാണ് തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ്. കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർപാൽവിപണം ഉൾപെടെ 4039 ടൺ റബ്ബറാണ് ഈ കമ്പനി വഴി നിലമ്പൂർ മേഖലയിലെ സംഘങ്ങൾ വിപണനം ചെയ്തത്.

നിലമ്പൂർ മേഖലയിലെ സംഘങ്ങളുടെ വിജയത്തിന് പിന്നിൽ സംഘം പ്രസിഡന്റിനോടും ഭരണസമിതിയംഗങ്ങളോടും ചേർന്ന് പ്രവർത്തിക്കുന്ന കളക്ഷൻ ഏജന്റുമാരുടെ പങ്ക് എടുത്ത് പറയേണ്ടതാണ്. ചെയ്യുന്ന തൊഴിലിന്റെ വ്യാപ്തിയും പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ടാകാം സംഘത്തിന്റെ പ്രവർത്തനങ്ങളിൽ നിർണായകവും ബഹുമുഖവുമായ പങ്ക് വഹിക്കുന്ന ഇവരെ കളക്ഷൻ മാനേജർമാർ എന്നാണ് ഇവിടെ അറിയപ്പെടുന്നത്.

നിലമ്പൂർ മേഖലയിലെ റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഷീറ്റുകളെല്ലാം തന്നെ ആർ.എസ്.എസ്. ഒന്നാം ഗ്രേഡ് ഷീറ്റ്, അല്ലെങ്കിൽ അതിനടുത്ത ഗ്രേഡിലുള്ളതാണ് എന്ന് നിസംശയം പറയാം. ഒന്നാം ഗ്രേഡ് ഷീറ്റ് നിർമിക്കണമെങ്കിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. തോട്ടങ്ങളിൽ നിന്ന് സംഘങ്ങളിലെത്തുന്ന റബ്ബർപാൽ സംസ്കരണം കളക്ഷൻ മാനേജർമാരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്.

കളക്ഷൻ മനേജർമാരിൽ പലരും ഏതാണ്ട് മുപ്പതു വർഷത്തിലധികമായി ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവരാണ്. പ്രദേശത്തെ റബ്ബർകർഷകരുമായുള്ള കാൽ നൂറ്റാണ്ടിലുമപ്പുറമുള്ള ഈ വ്യക്തിബന്ധങ്ങൾ സംഘങ്ങൾക്കും കർഷകർക്കും ഒരു പോലെ ഗുണം ചെയ്യുന്നു. വർഷങ്ങളുടെ പ്രവൃത്തിപരിചയം റബ്ബർകൃഷിയുമായി ബന്ധപ്പെട്ട ഏത് പരിപാടികളും ഏറ്റു നടത്താൻ ഇവരെ പ്രാപ്തരാക്കിയിരിക്കുന്നു. സംഘം ഭാരവാഹികൾക്കൊപ്പം നിലമ്പൂർ റബ്ബർബോർഡ് റീജിയണൽ ഓഫീസും തുഞ്ചത്ത് എഴുത്തച്ഛൻ കമ്പനിയുമായി അടുത്ത ബന്ധം പുലർത്തുന്നവരാണ് ഈ കളക്ഷൻ മാനേജർമാർ. അതുകൊണ്ടുതന്നെ റബ്ബർബോർഡ് പദ്ധതികളെക്കുറിച്ചും വിപണിയെക്കുറിച്ചുമെല്ലാം തികച്ചും ബോധവാന്മാരുമാണ് ഇവർ.



യോഗത്തിൽ ഷാജു വർഗീസ് സംസാരിക്കുന്നു.




*യോഗത്തിൽ പങ്കെടുത്ത റബ്ബറുത്പാദകസംഘങ്ങളിലെ കളക്ഷൻ മാനേജർമാർ*

റബ്ബർകൃഷിയെ സംബന്ധിച്ച് പല ജോലികളും സമയബന്ധിതമായി നടപ്പാക്കേണ്ടവയാണ്. കൂട്ടായ്മയിലൂടെ മാത്രമേ ഇന്നത്തെ അവസ്ഥയിൽ ചെറുകിടകർഷകർക്ക് ഇത് നടപ്പാക്കാൻ സാധിക്കുകയുള്ളൂ. കർഷകർക്കായി റബ്ബർബോർഡ് നടത്തുന്ന പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിലും ഇവർ മുൻകൈയെടുക്കുന്നു. റബ്ബർനടീൽ മുതൽ ഉത്പന്നം വിപണിയിലെത്തിക്കുന്നതുവരെ റബ്ബർകൃഷിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കർഷകർക്കായി നടത്തിക്കൊടുക്കാൻ കളക്ഷൻ മാനേജർമാർക്ക് സാധിക്കുന്നു. ടാപ്പറുടെ അഭാവമുണ്ടെങ്കിൽ അത് ഏർപ്പാടാക്കിക്കൊടുക്കുകയും ചെയ്യുന്നു. ചുരുക്കം പറഞ്ഞാൽ കർഷകർക്ക് കാര്യമായ ബുദ്ധിമുട്ടില്ലാതെ റബ്ബർകൃഷിയും ടാപ്പിങ്ങും വിപണനവുമെല്ലാം നടന്നുപോകുന്നു. സംഘത്തിൽ റബ്ബർപാൽ ദിവസേന എത്തുന്നതിനാൽ ഓരോ തോട്ടത്തിലും എത്ര ദിവസം ടാപ്പിങ് നടന്നു എന്ന് അറിയാൻ സാധിക്കും. അതുകൊണ്ട് സംഘങ്ങളിൽനിന്ന് നേരിട്ട് ടാപ്പർക്ക് കൂലി നൽകാനും കഴിയുന്നു. സാമ്പത്തികകാര്യങ്ങൾ എല്ലാം ബാങ്ക് മുഖേന ഓൺലൈനായി ചെയ്യുന്നതിനാൽ കാര്യങ്ങൾ സുതാര്യമാണ്. ഇന്ന് കേരളത്തിൽ പല സ്ഥലങ്ങളിലും ടാപ്പർമാരുടെ ദൗർലഭ്യം അല്ലെങ്കിൽ മറ്റു കാരണങ്ങളാൽ ടാപ്പുചെയ്യാതെ കിടക്കുന്ന നിരവധി തോട്ടങ്ങൾ ഉണ്ട്. എന്നാൽ ഇവിടെ ടാപ്പു ചെയ്യാതെ കിടക്കുന്ന തോട്ടങ്ങൾ വിരളമാണ് എന്നത് എടുത്തു പറയേണ്ടതാണ്. അതുപോലെ റെയിൻഗാർഡ് ചെയ്യാത്ത തോട്ടങ്ങളും വളരെ കുറവാണ്.

റബ്ബർബോർഡ് നിലമ്പൂർ റീജിയണൽ ഓഫീസും തുഞ്ചത്ത് എഴുത്തച്ഛൻ കമ്പനിയും സംഘം പ്രസിഡന്റുമാരുടെയും കളക്ഷൻ മാനേജർമാരുടെയും യോഗം നിരന്തരമായി സംഘടിപ്പിക്കാറുണ്ട്. ഈ യോഗങ്ങളിൽ റബ്ബർബോർഡുപദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും റബ്ബർവിപണനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. അടുത്ത കാലത്ത് തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സിൽ നടന്ന കളക്ഷൻ മാനേജർമാരുടെ ഒരു യോഗത്തിൽ പ്രദേശത്തെ 13 കളക്ഷൻ മാനേജർമാർ പങ്കെടുത്തു. പി.എൻ. സുലൈമാൻ (പത്തപ്പിരിയം സംഘം), എം.എ. വർഗീസ് (കരുളായി), അജിത് പി.എസ്. (വാണിയമ്പലം), കുഞ്ഞഹമ്മദുകുട്ടി (കറുകമണ്ണ), സിന്ദു പി. ( വണ്ടൂർ), ആന്റണി (ചെട്ടിപ്പാടം മരുതങ്ങാട്), ഷാജി (പള്ളിക്കുത്ത്), എം.ടി. ഹക്കിം (അമരമ്പലം), രവീന്ദ്രൻ (ചെറായി), വിജയകുമാർ (ചെമ്പ്രശ്ശേരി), അബ്ബാസ് അലി (പോരൂർ), മനോജ് ജേക്കബ് (വഴിക്കടവ്), രാജേഷ് (ഏനാദി) എന്നിവരാണ് പങ്കെടുത്തത്. ദീർഘകാലമായി അവർ നടത്തി വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. യോഗത്തിൽ സംസാരിച്ചവർ, അവർ തമ്മിൽ ഉത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സൗഹൃദപരമായ മത്സരം നിലനിൽക്കുന്നതായി പറയുകയുണ്ടായി. ഈ മത്സരം കാര്യങ്ങൾ കൂടുതൽ അറിയാനും സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും സഹായിച്ചിട്ടുണ്ട്. പുതിയ തലമുറ ഈ രംഗത്തേക്ക് വരുന്നില്ല എന്ന ആശങ്കയും യോഗത്തിൽ പങ്കെടുത്തവർ പ്രകടിപ്പിച്ചു. തുഞ്ചത്ത് എഴുത്തച്ഛൻ ഡയറക്ടർ ബോർഡ് അംഗങ്ങളും പങ്കെടുത്ത യോഗത്തെ സംബോധന ചെയ്ത് സംസാരിച്ച റബ്ബർബോർഡ് സെക്രട്ടറി ഇൻ-ചാർജും മാർക്കറ്റിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുമായ ഡോ. ബിനോയ് കെ. കുര്യൻ യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ) കംപ്ലയൻസുമായി ബന്ധപ്പെട്ട് റബ്ബർബോർഡ് നടത്തി വരുന്ന നടപടികളെക്കുറിച്ചും തോട്ടങ്ങളുടെ ജിയോമാപ്പിങ്ങിനെക്കുറിച്ചും ഒരു ലഘു വിവരണം നടത്തി. നിലമ്പൂർ റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ ഷാജു വർഗീസ് റബ്ബർബോർഡ് പദ്ധതികളെക്കുറിച്ചും സമയബന്ധിതമായി ഇപ്പോൾ തോട്ടങ്ങളിൽ പൂർത്തിയാക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിശദീകരിച്ചു. റബ്ബർബോർഡ് പബ്ലിസിറ്റി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ് ബി. ശ്രീകുമാറും തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ജോബി തോമസും യോഗത്തിൽ സംസാരിച്ചു.

റബ്ബർകർഷകർക്കും റബ്ബറുത്പാദകസംഘങ്ങൾക്കും ഇടയിൽ നിർണായക കണ്ണിയായി പ്രവർത്തിക്കുന്ന നിലമ്പൂർ മേഖലയിലെ കളക്ഷൻ മാനേജർമാരുടെ പ്രവർത്തനം ശ്ലാഘനീയമാണ്. ഇത് മറ്റ് പ്രദേശങ്ങളിലും മാതൃകയാക്കാമെങ്കിൽ ഇന്ന് റബ്ബർകൃഷി നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനാകും. •

# കേര പദ്ധതിയുടെ നടത്തിപ്പിനായി ധാരണാപത്രം ഒപ്പുവെച്ചു



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., കേര പദ്ധതിയുടെ അഡീഷണൽ പ്രോജക്റ്റ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ പി. വിഷ്ണുരാജ് ഐ.എ.എസ്. എന്നിവർ കേര പദ്ധതിയുടെ നടത്തിപ്പിനായി ഒപ്പിട്ട ധാരണാപത്രം കൈമാറുന്നു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. (ഇടത്ത്), ഡെപ്യൂട്ടി ഡയറക്ടർ ഇൻഡസ്ട്രീസ് ശ്യാം കൃഷ്ണൻ (വലത്ത്) എന്നിവർ സമീപം.*

കാർഷികവികസന കർഷകക്ഷേമ വകുപ്പ് 2025 മുതൽ 2029 വരെ ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന 'കേര' (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യു ചെയിൻ മോഡേണൈസേഷൻ) പദ്ധതിക്കായി റബ്ബർബോർഡുമായി ധാരണാപത്രം ഒപ്പുവെച്ചു. കോട്ടയത്തെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് നടന്ന ചടങ്ങിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., കേര പദ്ധതിയുടെ അഡീഷണൽ പ്രോജക്റ്റ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ പി. വിഷ്ണുരാജ് ഐ.എ.എസ്. എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. ഇതേ ചടങ്ങിൽ വെച്ച് കേര പദ്ധതിക്കായി സ്പൈസസ് ബോർഡുമായും ധാരണാപത്രത്തിൽ ഒപ്പിട്ടു. സ്പൈസസ് ബോർഡിനു വേണ്ടി ഡയറക്ടർ ഡോ. രമാ ശ്രീ എ.ബി. ആണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

പി. വിഷ്ണുരാജ് ഐ.എ.എസ്. അധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് എം. വസന്തഗേശൻ ഐ.ആർ.എസ്. കേര പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനപരിപാടിയുടെ ഉദ്ഘാടനവും നിർവഹിച്ചു.

ഈ പദ്ധതി പ്രകാരം റബ്ബർ, ഏലം എന്നിവയുടെ ആവർത്തനക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് റബ്ബർകൃഷിക്ക് 75,000 രൂപയും ഏലത്തിന് 100,000 രൂപയും വീതം രണ്ട് ഹെക്ടറിന് ധനസഹായം ലഭിക്കും. കോട്ടയം, എറണാകുളം, പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം എന്നീ ആറു ജില്ലകളിലെ റബ്ബർകർഷകർക്കും ഇടുക്കി ജില്ലയിലെ ഏലംകർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി., സ്പൈസസ് ബോർഡ് ഡയറക്ടർ ഡോ. രമാ ശ്രീ എ.ബി., സ്പൈസസ് ബോർഡ് ഡയറക്ടർ (ഡെവലപ്മെന്റ്) ഇൻ-ചാർജ് ധർമേന്ദ്ര ദാസ് എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ കേര പ്രൊക്യൂർമെന്റ് ഓഫീസർ സുരേഷ് സി. സ്വാഗതവും ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഷൈലജ കെ. നന്ദിയും പറഞ്ഞു. •

# ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് സ്കീം പുതുക്കണം

2011-ഓഗസ്റ്റ് മാസത്തിൽ ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനഫിറ്റ് സ്കീമിൽ അംഗങ്ങളായിട്ടുള്ള റബ്ബർതോട്ടമേഖലയിൽ ജോലി തുടരുന്ന തൊഴിലാളികളുടെ ഇൻഷ്വറൻസ് പദ്ധതി ജൂലൈ 15-ാം തീയതിക്കകം പുതുക്കേണ്ടതാണ്. പദ്ധതിവിഹിതമായി ഓരോ അംഗവും കുറഞ്ഞത് 300 രൂപ വീതമാണ് അടയ്ക്കേണ്ടത്. ഈ പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സു വരെ പ്രായമായിട്ടുള്ള അംഗങ്ങൾക്ക് അപകടംമൂലമോ വന്യജീവി ആക്രമണം മൂലമോ മരണം സംഭവിച്ചാൽ അഞ്ചു ലക്ഷം രൂപയുടെയും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് അപകട ഇൻഷ്വറൻസ് തുക നാല് ലക്ഷമായിരിക്കും. പ്രസ്തുത സ്കീം യഥാസമയം പുതുക്കുന്ന ഓരോ അംഗത്തിനും റബ്ബർബോർഡ് വിഹിതമായി 900 രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതും പദ്ധതി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ടെർമിനൽ ആനുകൂല്യം എൽ.ഐ.സി.-യിൽ നിന്ന് തിരികെ ലഭിക്കുന്നതുമായിരിക്കും. ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ അവർ ജോലിയിൽ തുടരുന്നപക്ഷം 70 വയസ്സ് വരെ അംഗങ്ങളായി തുടരാവുന്നതാണ്.

നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതി പുതുക്കുന്നത് സംബന്ധിച്ചുള്ള അറിയിപ്പും അപേക്ഷാ ഫോറവും കേന്ദ്ര ഓഫീസിൽ നിന്ന് അയച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളുമായോ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ് (ഫോൺ: 0481-2301231 എക്സ്റ്റൻഷൻ നമ്പർ - 336). •






ഉമാശങ്കർ ജി.
ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്)

# റബ്ബർതടി വിപണിയിലെ മാറ്റങ്ങൾ

വിപണിയിലേക്ക് റബ്ബർതടി കൂടുതൽ വരുന്ന സമയമാണല്ലോ മാർച്ച്–ഏപ്രിൽ മാസങ്ങൾ. ആ സമയത്ത് നമ്മുടെ പ്രധാന റോഡുകളിലെല്ലാം വൈകുന്നേരം ആറുമണി ആയിക്കഴിഞ്ഞാൽ റബ്ബർതടിയും വഹിച്ചുകൊണ്ട് പോകുന്ന ലോറികളുടെ കാഴ്ച കൗതുകം ജനിപ്പിക്കുന്നതാണ്. തടിയിൽ നിർമിച്ച തലക്കെട്ടോടുകൂടിയ ക്യാബിനുമായി ടാറ്റയുടെ 1210 എസ്.സി. ലോറിയും അതിന്റെ ക്യാബിൻ പൊക്കത്തിൽ നൂലിട വിടാതെ വൃത്തിയായി അടുക്കിയ റബ്ബർതടികളും വഹിച്ചുകൊണ്ട് നമ്മുടെ നിരത്തുകളിൽ നിറഞ്ഞിരുന്ന കാഴ്ച പലരും ഓർക്കുന്നുണ്ടാകും. മോട്ടോർ വാഹന നിയമങ്ങളിൽ വന്ന മാറ്റം കാരണം തടിയിൽ നിർമിച്ച ക്യാബിനോടുകൂടിയ ലോറികൾ വിസ്മൃതിയിൽ ആയതുകൊണ്ട് ഇപ്പോൾ ഈ കാഴ്ചയ്ക്ക് ഭംഗി അൽപം കുറഞ്ഞോ എന്ന് സംശയം.

കാലങ്ങളായി റബ്ബർതടി ഫർണിച്ചർ നിർമാണം, പ്ലൈവുഡ് നിർമാണം, പാക്കിങ് കേസ് നിർമാണം തുടങ്ങി തീപ്പെട്ടി നിർമാണത്തിൽ വരെ ഉപയോഗിച്ചു പോരുന്നു. വിപണിയിൽ എത്തുന്ന റബ്ബർതടിയുടെ ഏകദേശം 15 മുതൽ 20 വരെ ശതമാനം ഉപയോഗിച്ചിരുന്നത് ഫർണിച്ചർ നിർമാണം പോലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ ട്രീറ്റ്മെന്റ് ആന്റ് സീസണിങ് ചെയ്യുന്നതിന് ആയിരുന്നു എന്നാണ് മുൻകാലങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഏകദേശം 30 മുതൽ 35 വരെ ശതമാനം തടി പ്ലൈവുഡ് നിർമാണത്തിലും 20 മുതൽ 30 വരെ ശതമാനം പാക്കിങ് കേസ് നിർമാണത്തിലും ബാക്കി തീപ്പെട്ടി നിർമാണത്തിലും മറ്റു ചെറിയ ആവശ്യങ്ങൾക്കും ഉപയോഗിച്ച് പോന്നിരുന്നു.

എന്നാൽ ഈ അടുത്തകാലത്ത് നടന്ന ഒരു ഏകദിന ശിൽപശാലയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധം അനുസരിച്ച് റബ്ബർതടിയുടെ ഉപഭോഗത്തിൽ കാതലായ മാറ്റം വന്നിട്ടുള്ളതായി കാണുന്നു. അത് അനുസരിച്ച് മൊത്തം ലഭ്യമായ റബ്ബർതടിയുടെ ഏകദേശം 65 ശതമാനത്തോളം പ്ലൈവുഡ് നിർമാണത്തിനാണ് ഉപയോഗിക്കുന്നത്. ഏകദേശം 25 ശതമാനത്തോളം പാക്കിങ് കേസ് നിർമാണത്തിനും ഉപയോഗിക്കപ്പെടുന്നു. കേവലം അഞ്ച് ശതമാനം





മാത്രമാണ് ഫർണിച്ചർ നിർമാണത്തിനുള്ള ഉരുപ്പടികളായി സംസ്കരിക്കപ്പെടുന്നത്. അഞ്ച് ശതമാനത്തോളം ബാക്കി ചെറുകിടവ്യവസായങ്ങളിലും ഉപയോഗിക്കപ്പെടുന്നു. വിവിധങ്ങളായ കാരണങ്ങൾ കൊണ്ടാണ് ഇങ്ങനെ ഒരു മാറ്റം വന്നിരിക്കുന്നത് എന്ന് പ്രബന്ധത്തിൽ പറയുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 2010 മുതൽ 2018 വരെ റബ്ബർതടിയുടെ വിപണിവിലയിൽ ഉണ്ടായ വർധന കാരണം റബ്ബർതടിയുടെ സംസ്കരണം ലാഭകരമായി കൊണ്ടുനടക്കാൻ പറ്റാതെ വന്ന സാഹചര്യത്തിൽ കമ്പനികൾക്ക് ഉരുപ്പടി നിർമാണം നിർത്തിവെയ്ക്കേണ്ടി വന്നതാണ്. ഈ കാലയളവിൽ റബ്ബർതടിയുടെ വിലയിൽ ഏകദേശം 150 ശതമാനം വളർച്ച ഉണ്ടായപ്പോൾ സംസ്കരിച്ച റബ്ബർതടി ഉരുപ്പടികൾക്ക് വിപണിവിലയിൽ വലിയ മാറ്റങ്ങൾ വന്നതായി കാണുന്നില്ല. എന്നാൽ സംസ്കരിച്ച റബ്ബർതടി ഉപയോഗിച്ച് നിർമിച്ചെടുക്കുന്ന പാനൽ ബോർഡുകൾക്ക് വിപണിവിലയിൽ ഇടിവുണ്ടാകുകയും ചെയ്തു. വിലക്കുറവിൽ ബോർഡുകൾ ഇറക്കുമതി ചെയ്യപ്പെട്ടതും വിപണിയിൽ മറ്റു പല ഉത്പന്നങ്ങളും സ്ഥാനം പിടിച്ചതുമാണ് റബ്ബർതടിയുടെ സംസ്കരണം ലാഭകരമല്ലാതാക്കിത്തീർത്തത്.

62.5 സെന്റീമീറ്ററിൽ (25 ഇഞ്ച്) കൂടുതൽ വ്യാസമുള്ള 'പീൽ' ചെയ്യാൻ ഉതകുന്ന തടികളാണ് പ്ലൈവുഡ് നിർമാണത്തിന് ആവശ്യമുള്ളത്. പാർട്ടിക്കിൾ ബോർഡ് നിർമാണവും മീഡിയം ഡെൻസിറ്റി ഫൈബർ ബോർഡുകളുടെ നിർമാണവും നമ്മുടെ നാട്ടിൽ തുടങ്ങിയതോടെ റബ്ബർതടിയുടെ വളരെ ചെറിയ കഷണങ്ങളും വിറകിനുമാത്രം ഉപയോഗിച്ചിരുന്ന തടിക്കഷണങ്ങളും മറ്റും ഉപയോഗിച്ചുകൊണ്ട് മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയത് റബ്ബർതടി വ്യവസായത്തിന് ഒരു പുതിയ ഉണർവ് നൽകുന്നു. വളരെ വിലക്കുറവിൽ വിറ്റിരുന്ന ചെറിയ ചില്ലകളും കമ്പുകളും ഇതിനായി ഉപയോഗിക്കാൻ കഴിയും. വീടുകളിലെയും ഓഫീസുകളിലെയും അകത്തള നിർമാണങ്ങൾ പരമ്പരാഗതരീതിയിൽ നിന്ന് മാറി നൂതന രീതിയിലേക്ക് വന്നത് ഇതുപോലെയുള്ള ബോർഡുകളുടെ ഉപയോഗം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. വരുംകാലങ്ങളിൽ വുഡ് പോളിമർ കോമ്പോസിറ്റുകൾ നിർമിക്കുന്ന ഫാക്ടറികൾ നമ്മുടെ സംസ്ഥാനത്ത് ചുവടുറപ്പിക്കും എന്ന് വേണം കരുതാൻ.

കേരളത്തിലെ പ്ലൈവുഡ് നിർമാതാക്കളുടെ അഭിപ്രായത്തിൽ റബ്ബർതടിയുടെ ലഭ്യത നന്നായി കുറഞ്ഞതായി കണ്ടുവരുന്നു. നമ്മുടെ സംസ്ഥാനത്ത് ആവർത്തന ക്കൃഷിയിൽ ഉണ്ടായ ഇടിവും ഈ സാഹചര്യത്തിന് വഴി ഒരുക്കിയിട്ടുണ്ട്.

ആർആർഐഐ 105-നെ അപേക്ഷിച്ച് മികച്ച തടിവളർച്ചയുള്ള പുതിയ റബ്ബറിനങ്ങൾ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം പുറത്തിറക്കിയിട്ടുണ്ട്. റബ്ബർപാലിനൊപ്പം തടിക്കും പ്രാമുഖ്യം നൽകുന്ന പുതിയ റബ്ബറിനങ്ങൾ പരീക്ഷണഘട്ടത്തിലുണ്ട്. ഇത് കൂടുതൽ റബ്ബർതടി ലഭിക്കുന്നതിനും അതിലൂടെ കർഷകന് നല്ലവില കിട്ടുന്നതിനും സഹായകമാകും എന്ന് വിശ്വസിക്കുന്നു.

അസംസ്കൃതവസ്തുക്കളുടെ വിലയിൽ ഉണ്ടാകുന്ന വർധനയ്ക്കനുസൃതമായി ഉത്പന്നങ്ങൾക്കും വില ലഭ്യമാകുന്ന രീതിയിൽ വിപണി മാറുകയും വിപണിയിൽ പുതിയ ഉത്പന്നങ്ങൾ നിർമിക്കപ്പെടുകയും ചെയ്താൽ റബ്ബർതടി കൂടുതലായി ഉപയോഗിക്കപ്പെടുന്ന നമ്മുടെ തനത് വ്യവസായമായ പ്ലൈവുഡ് നിർമാണം പോലെയുള്ള വ്യവസായങ്ങളുടെ നിലനിൽപിന് സഹായകരമാകും. •



ബിനു മാത്യു കെ.
അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്)

# റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതി – വിദ്യാഭ്യാസധനസഹായം

റബ്ബർതോട്ടംമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യവും പ്രോൽസാഹനവും നൽകി തൊഴിൽരംഗം കൂടുതൽ സുഖകരമാക്കുക എന്ന ലക്ഷ്യത്തോടെ റബ്ബർബോർഡ് വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നു. സ്വന്തം തോട്ടത്തിൽ ടാപ്പുചെയ്യുന്ന ചെറുകിടകർഷകരെയും വിവിധ ക്ഷേമപദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകളുടെ പ്രാതിനിധ്യം ഈ മേഖലയിൽ ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ ക്ഷേമപദ്ധതികളിൽ അവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അവർക്കായി പ്രത്യേക പദ്ധതികളും നടപ്പാക്കി വരുന്നു. ഇന്ത്യയിലെ റബ്ബർ തോട്ടങ്ങളുടെ ശരാശരി വിസ്തൃതി 0.50 ഹെക്ടർ ആയതിനാൽ 85 ശതമാനത്തോളം റബ്ബർതോട്ടം തൊഴിലാളികളും വിവിധ നിയമങ്ങളുടെ പരിരക്ഷ ലഭിക്കാത്തവരാണ്. അത്തരക്കാർക്ക് പ്രത്യേക പരിഗണന നൽകിയാണ് റബ്ബർബോർഡ് വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക രിച്ചിരിക്കുന്നത്.

### തൊഴിലാളികളുടെ മക്കൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസധനസഹായം

റബ്ബർബോർഡ് നടപ്പാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് റബ്ബർതോട്ടംതൊഴിലാളികളുടെ മകനോ മകൾക്കോ വേണ്ടിയുള്ള വിദ്യാഭ്യാസ ധനസഹായപദ്ധതി. ഈ പദ്ധതി പ്രകാരം തൊഴിലാളിയുടെ ഒരു കുട്ടിക്ക് ആറാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടയുള്ള എല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും വിദ്യാഭ്യാസധനസഹായം നൽകുന്നു. അതോടൊപ്പം വിദ്യാഭ്യാസസ്ഥാപനം അംഗീകരിച്ച ഹോസ്റ്റലിൽ താമസിച്ച് 10-ാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു നിശ്ചിത തുക ഹോസ്റ്റൽ ഫീസിനത്തിൽ ഒരു അധ്യയന വർഷം പത്തു മാസത്തേക്ക് നൽകുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിച്ചിരുക്കുന്ന രീതിയിൽ ഓരോ കോഴ്സിനും വിദ്യാഭ്യാസ ധനസഹായം നൽകുന്നതായിരിക്കും.

### പദ്ധതിക്ക് അർഹരായ തൊഴിലാളികൾ

ഒരു വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ളവരും പ്രസ്തുത ജോലിയിൽ ഇപ്പോൾ തുടരുന്നവരുമായ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അപേക്ഷ സമർപിക്കാവുന്നതാണ്. അപേക്ഷകന്റെ വാർഷിക വേതനം മൂന്നു ലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല (സ്വയം ടാപ്പ് ചെയ്യുന്നവർക്ക് ഇത് ബാധകമല്ല).

1. 0.40 ഹെക്ടറിൽ കുറയാത്ത വിസ്തൃതിയുള്ള ചെറുകിട തോട്ടങ്ങളിൽ കുറഞ്ഞത് 150 മരമെങ്കിലും തുടർച്ചയായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന ടാപ്പർമാർ.

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | ഒരു അധ്യയനവർഷം നൽകുന്ന സ്റ്റൈപ്പന്റ് തുക** | ഹോസ്റ്റൽ ഫീസ്* (ഒരു മാസത്തേക്ക്) |
|---|---|---|---|
| 1 | ക്ലാസ് VI മുതൽ VIII | 1500 | ഇല്ല |
| 2 | ക്ലാസ് IX | 3000 | ഇല്ല |
| 3 | ക്ലാസ് X | 3000 | 1000 |
| 4 | ക്ലാസ് XI, XII അല്ലെങ്കിൽ തത്തുല്യം | 5000 | 1000 |
| 5 | ബിരുദം | 6000 | 1250 |
| 6 | ബിരുദാനന്തരബിരുദം/എം.ഫിൽ | 7000 | 1250 |
| 7 | പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾ | | |
| | a) സർട്ടിഫിക്കറ്റ് കോഴ്സുകൾ (ഒരു വർഷം) | 5000 | 1000 |
| | b) ഡിപ്ലോമ | 7000 | 1250 |
| | c) ബിരുദം | 12500 | 1400 |
| | d) ബിരുദാനന്തരബിരുദം/എം.ഫിൽ | 15000 | 1400 |
| | e) പിഎച്ച്ഡി / പോസ്റ്റ് ഡോക്ടറൽ കോഴ്സ് | 16000 | 1400 |

** ഒരു അധ്യയനവർഷം പത്തുമാസം വരെ*

*** സ്ത്രീ ടാപ്പർമാർ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ടാപ്പർമാർ, റബ്ബറുത്പാദകസംഘത്തിന്റെ കീഴിലുള്ള ടാപ്പർ ഗ്രൂപ്പിൽ അംഗങ്ങളായിട്ടുള്ള ടാപ്പർമാർ എന്നിവർക്ക് 10 ശതമാനം അധിക സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്.*

വനിതാ ടാപ്പർമാർ കുറഞ്ഞത് 100 മരം ടാപ്പു ചെയ്താൽ മതി.

2. വൻകിടതോട്ടങ്ങളിൽ തുടർച്ചയായി ജോലി ചെയ്യുന്ന ടാപ്പർമാർ, ജനറൽ വർക്കർ, ഫാക്ടറി തൊഴിലാളികൾ.
3. റബ്ബറുത്പാദകസംഘത്തിന് കീഴിൽ പ്രവർത്തിക്കുന്ന ടാപ്പർ ഗ്രൂപ്പിൽ അംഗങ്ങളായിട്ടുള്ള ടാപ്പർമാർ
4. റബ്ബറുത്പാദകസംഘത്തിന് കീഴിലുള്ള സമൂഹസംസ്കരണശാലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ
5. ഒരു ഹെക്ടറോ അതിൽ താഴെയോ വിസ്തൃതിയുള്ള സ്വന്തം ഉടമസ്ഥതയിലുള്ള റെയിൻഗാർഡു ചെയ്ത തോട്ടത്തിൽ കുറഞ്ഞത് 100 മരമെങ്കിലും തുടർച്ചയായി സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർ.
   മേൽപറഞ്ഞ വിഭാഗങ്ങളിൽപെട്ട തൊഴിലാളികളുടെ ഒരു കുട്ടിക്കു മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. എന്നാൽ, വനിതാ ടാപ്പർമാർക്കും റബ്ബറുത്പാദകസംഘത്തിന് കീഴിലുള്ള ടാപ്പർ ഗ്രൂപ്പിലെ ടാപ്പർമാർക്കും അവരുടെ രണ്ടു കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും.
6. സ്റ്റുഡന്റ് വർക്കർ : കുറഞ്ഞത് 100 മരമെങ്കിലും ടാപ്പു ചെയ്യുന്നവരോ സംസ്കരണശാലയിൽ തുടർച്ചയായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരോ ആയിട്ടുള്ള 18 വയസ്സിനു മുകളിൽ പ്രായമുള്ള ഉന്നത വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്നവരും പദ്ധതിക്ക് അർഹരാണ്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

6 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടിയുടെ അപേക്ഷ അധ്യയന വർഷം തുടങ്ങി 2 മാസത്തിന് ശേഷവും എന്നാൽ അതത് അധ്യയനവർഷം ഫെബ്രുവരി 28-ന് മുമ്പായും മറ്റ് കോഴ്സുകൾക്ക് സെമസ്റ്റർ/വാർഷിക പരീക്ഷയുടെ ഹാൾ ടിക്കറ്റ് ലഭിച്ച് നാലു മാസത്തിനകവും അപേക്ഷ സമർപിക്കേണ്ടതാണ്. എന്നാൽ സെമസ്റ്റർ പരീക്ഷകൾക്ക് ഓരോ സെമസ്റ്ററിനുമുള്ള ഹാൾ ടിക്കറ്റ് ലഭിച്ചതിനുശേഷം നാലു മാസത്തിനകമോ ഒരു അധ്യയനവർഷത്തെ രണ്ട് സെമസ്റ്ററിലെയും ഹാൾ ടിക്കറ്റുകൾ ഒരുമിച്ച് നൽകുകയാണെങ്കിൽ ആ വർഷത്തെ രണ്ടാമത്തെ സെമസ്റ്ററിലെ ഹാൾ ടിക്കറ്റ് ലഭിച്ച് നാലു മാസത്തിനകമോ അപേക്ഷ നൽകാവുന്നതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

മുൻ ക്ലാസുകളിൽ നിന്നു ജയിച്ചുവന്നിട്ടുള്ള കുട്ടികൾക്ക് മാത്രമേ ഈ പദ്ധതിക്ക് കീഴിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.

ഒരു വിദ്യാർഥി ഏതെങ്കിലും ഒരു കോഴ്സിന് ചേർന്ന് ഒരു പ്രാവശ്യമെങ്കിലും വിദ്യാഭ്യാസ ധനസഹായം വാങ്ങിയശേഷം അപേക്ഷകനായ തൊഴിലാളി മരണപ്പെടുകയോ പരിപൂർണ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ പ്രസ്തുത കോഴ്സ് പൂർത്തിയാകുന്നതുവരെ ആ വിദ്യാർഥിക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വിദ്യാർത്ഥി നേരിട്ട് അപേക്ഷ സമർപിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. തോട്ടംതൊഴിലാളിയാണെന്ന് തെളിയിക്കുന്ന നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം. സ്വയം ടാപ്പു ചെയ്യുന്ന ചെറുകിട കർഷകരുടേത് റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. വിദ്യാഭ്യാസ സ്ഥാപനത്തിലെ മേലധികാരിയിൽ നിന്നും നിർദിഷ്ട ഫോറത്തിലെ സർട്ടിഫിക്കറ്റ്.
3. സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർ അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ തന്നാണ്ടത്തെ കരം അടച്ച രസീത്.
4. ഹാൾ ടിക്കറ്റ്, ഹോസ്റ്റൽ ഫീസ് അടച്ചതിന്റെ ഒറിജിനൽ രസീതുകൾ.
5. വിദ്യാർഥിയുടെയും തൊഴിലാളിയുടെയും ആധാർ കാർഡിന്റെ പകർപ്പ്, തൊഴിലാളിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.rubberboard.gov.in സന്ദർശിക്കുക. അല്ലെങ്കിൽ അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുമായോ റബ്ബർ ബോർഡിന്റെ കോട്ടയത്തുള്ള കേന്ദ്ര ഓഫീസിലെ തൊഴിലാളി ക്ഷേമവിഭാഗവുമായോ ബന്ധപ്പെടുക (0481-2301231 എക്സ്റ്റൻഷൻ നമ്പർ 336). •





എസ്. നിർമൽകുമാർ
ഡെവലപ്മെന്റ് ഓഫീസർ



ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

# തേവിയാർകുന്ന്: പ്രതിബദ്ധതയുടെ ഒരു സാക്ഷ്യപത്രം

തിരുവനന്തപുരത്തിന്റെ വടക്കുകിഴക്ക് ഭാഗത്തായി ഏകദേശം 40 കി.മീ. ദൂരെ സ്ഥിതി ചെയ്യുന്ന പേപ്പാറ ഡാമും അതിനോട് അനുബന്ധിച്ചുള്ള പേപ്പാറ വന്യജീവി സംരക്ഷണകേന്ദ്രവും വിതുര പഞ്ചായത്തിലെ ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രമാണ്. ഇതിനടുത്തുള്ള പ്രകൃതിരമണീയമായ ആദിവാസി മലയോരമേഖലയാണ് തേവിയാർകുന്ന്. ചരിത്രപരമായും സാമൂഹികമായും പ്രാധാന്യമുള്ള തേവിയാർകുന്നിൽ താമസിക്കുന്ന ആദിവാസി വിഭാഗമായ കാണിക്കാർ പരമ്പരാഗതമായി വനഉത്പന്നശേഖരണം, കൃഷി തുടങ്ങിയവയെ ആശ്രയിച്ച് ജീവിച്ചുവന്നവരായിരുന്നു. ഇവരുടെ ജീവിതശൈലി പ്രകൃതിയുമായി ഇണങ്ങിച്ചേർന്നതാണെങ്കിലും സാമ്പത്തിക, സാമൂഹിക പിന്നോക്കാവസ്ഥയും വിദ്യാഭ്യാസ സൗകര്യങ്ങളുടെയും തൊഴിലവസരങ്ങളുടെയും കുറവും ആരോഗ്യമേഖലയിലെ അപര്യാപ്തതകളും അവരുടെ ജീവിതനിലവാരത്തെ ബാധിച്ചിട്ടുണ്ട്.

ആദിവാസി സമൂഹങ്ങളുടെ സമഗ്ര ഉന്നമനത്തിനായി 1987-ൽ കേരളത്തിൽ വിവിധ മേഖലകളിൽ ട്രൈബൽ ഡെവലപ്മെന്റ് റബ്ബർ പ്ലാന്റേഷൻ പ്രൊജക്ടുകൾ ആരംഭിച്ചു. പ്രസ്തുത പദ്ധതിപ്രകാരം തേവിയാർകുന്നിലും 180 ഹെക്ടറിലധികം സ്ഥലത്ത് റബ്ബർ കൃഷിചെയ്തു. പ്രൊജക്ടിന്റെ ആദ്യഘട്ടത്തിൽ 200 ഗുണഭോക്താക്കളും



*പുനരുദ്ധരിച്ച സമൂഹസംസ്കരണശാലയുടെ ഉദ്ഘാടനവേളയിൽ കാനറാ ബാങ്ക് ജനറൽ മാനേജർ എസ്. പ്രേംകുമാറിനെ ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽ കുമാർ പൊന്നാട അണിയിക്കുന്നു*

രണ്ടാംഘട്ടത്തിൽ 300 പേരും ഉൾപെടുകയുണ്ടായി. ഈ പദ്ധതിപ്രകാരമുള്ള റബ്ബർതോട്ടങ്ങളിൽ 1993-ൽ ടാപ്പിങ് ആരംഭിച്ചു. ഗുണഭോക്താക്കളായ റബ്ബർകർഷകരുടെ ഉന്നമനം ലക്ഷ്യമിട്ടാണ് അവിടെ തേവിയാർകുന്ന് ട്രൈബൽ റബ്ബറുത്പാദകസംഘം രൂപവത്കരിച്ചത്. ടാപ്പിങ് ആരംഭിച്ച വർഷംതന്നെ റബ്ബർബോർഡിന്റെ ധനസഹായത്തോടെ ഒരു സമൂഹസംസ്കരണശാലയും സ്ഥാപിച്ചു. റബ്ബർകൃഷിയും ഈ റബ്ബർപാൽ സംസ്കരണസംവിധാനവും തേവിയാർകുന്നിലെ ആദിവാസി വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ സമഗ്രപുരോഗതിക്ക് വഴിയൊരുക്കി. 1993 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ ഉത്പാദകസംഘത്തിന്റെ മേൽനോട്ടത്തിൽ സമൂഹസംസ്കരണശാല കാര്യക്ഷമമായി പ്രവർത്തിച്ചു.

തുടർന്നുള്ള ഏഴുവർഷം സംരംഭം തകർച്ചയിലായിരുന്നു. ഈ കാലയളവിൽ ആദിവാസി ഗുണഭോക്താക്കൾക്ക് ഏറെ കഷ്ടത നേരിടേണ്ടിവന്നു. 2007-ൽ കുറച്ച് റബ്ബർകർഷകരുടെ ശ്രമഫലമായി റബ്ബറുത്പാദകസംഘത്തിന്റെയും സമൂഹസംസ്കരണശാലയുടെയും പ്രവർത്തനം പുനരാരംഭിച്ചു. തുടർന്ന് 2013 വരെ സാമാന്യം തൃപ്തികരമായ രീതിയിൽ അത് പ്രവർത്തിച്ചുവന്നു. 2013-ൽ വീണ്ടും പ്രവർത്തനം പൂർണമായും നിലച്ച അവസ്ഥയിലെത്തി. ശക്തമായ കാറ്റിലും മഴയിലും മരം കടപുഴകി വീണ് സമൂഹസംസ്കരണശാലയുടെ മേൽക്കൂര ഉൾപ്പെടെ മുകൾഭാഗം തകർന്നു. കാലക്രമേണ ജീർണാവസ്ഥയിലായ ഈ കെട്ടിടം സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുകയും പ്രാദേശിക വികസനശ്രമങ്ങൾക്ക് തടസ്സമാകുകയും ചെയ്തു. രണ്ടാംതവണ സംരംഭം തകർന്നതോടെ തേവിയാർകുന്നിലെ റബ്ബർകർഷകർ പ്രതീക്ഷ നഷ്ടപ്പെട്ട അവസ്ഥയിലായി.

### സമൂഹസംസ്കരണശാലയുടെ പുനരുജ്ജീവനം

പ്രവർത്തനരഹിതമായ സമൂഹസംസ്കരണശാലകൾ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന്റെ കാംപെയ്നുമായി ബന്ധപ്പെട്ട് 2022-ൽ നെടുമങ്ങാട് റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽകുമാർ ഈ സമൂഹസംസ്കരണശാല സന്ദർശിക്കുകയുണ്ടായി. റബ്ബർബോർഡിന്റെ സഹായത്തോടെ നിർമിച്ച ഈ സെന്റർ ഇത്രത്തോളം അവഗണിക്കപ്പെടുകയും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയതിലും ഉള്ള ആശങ്ക അദ്ദേഹം സമൂഹസംസ്കരണശാലയുടെ സംരക്ഷണച്ചുമതലയുണ്ടായിരുന്ന ശശി എന്ന വ്യക്തിയുമായി പങ്കുവെച്ചു.



*പുതുതായി നിർമിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം അടൂർ പ്രകാശ് എം.പി. നിർവഹിക്കുന്നു*

എന്നാൽ പുനരുദ്ധാരണ ശ്രമങ്ങൾക്ക് കുറച്ച് തേവിയാർകുന്ന് നിവാസികളിൽ നിന്നുതന്നെ ശക്തമായ എതിർപ്പ് ഉണ്ടാകുകയും അവർ റബ്ബർബോർഡ് ഉദ്യോഗസ്ഥരെ സംസ്കരണശാലയുടെ അകത്തേക്ക് കടക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. മാത്രമല്ല, സമൂഹസംസ്കരണശാല അവിടെനിന്ന് പൊളിച്ചുമാറ്റാനുള്ള നീക്കം നടത്തുകയും ചെയ്തു. ഈ നീക്കത്തെ തന്ത്രപൂർവ്വം കൈകാര്യം ചെയ്ത് ഒരു പൊതുയോഗം വിളിച്ച് സംഘത്തിന്റെ പ്രസിഡന്റായി ഊരുമൂപ്പൻ ഭുവനേന്ദ്രൻ കാണിയെ തെരഞ്ഞെടുത്തു.

### പുനരുദ്ധാരണത്തിനായി നടത്തിയ ശ്രമങ്ങൾ

തേവിയാർകുന്നിലെ റബ്ബറുത്പാദകസംഘം വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനായി പുതിയ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഇടപെടലുകൾ നടത്തി. പുനരുദ്ധാരണത്തിനുള്ള ചെലവ് കണ്ടെത്താനായി ഡെവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ കാനറാ ബാങ്കിന്റെ ജനറൽ മാനേജരെ സന്ദർശിച്ച് സംഘം നിലവിൽ വന്ന സാഹചര്യവും തേവിയാർകുന്ന് നിവാസികളായ ആദിവാസികളുടെ സമഗ്ര ഉന്നമനത്തിന് സമൂഹസംസ്കരണശാല വീണ്ടും പ്രവർത്തനക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ കാനറാ ബാങ്ക് സി.എസ്.ആർ. ഫണ്ടിൽനിന്ന് രണ്ടുലക്ഷം രൂപ അനുവദിച്ചു നൽകി. സംഘാംഗങ്ങൾ തന്നെ ഒരുമയോടെ പ്രയത്നിച്ച് സമൂഹസംസ്കരണശാല വൃത്തിയാക്കൽ, മേൽക്കൂര പുനർനിർമാണം, ഇലക്ട്രിക് വയറിങ് ശരിയാക്കൽ തുടങ്ങിയ പണികളെല്ലാം പൂർത്തിയാക്കി.




*തേവിയാർകുന്നിലെ ഊരുമൂപ്പനും റബ്ബറുത്പാദകസംഘം പ്രസിഡന്റുമായ ഭുവനേന്ദ്രൻ കാണി (വലത്ത്) ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽ കുമാറിനോടൊപ്പം (ഇടത്ത്)*

## കേന്ദ്രമന്ത്രിമാർ റബ്ബർബോർഡിന്റെ സ്റ്റാൾ സന്ദർശിച്ചു




*ജന്മഭൂമി പബ്ലിക്കേഷൻസിന്റെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് വെച്ച് നടത്തിയ എക്സിബിഷനിൽ കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി എന്നിവർ റബ്ബർബോർഡിന്റെ സ്റ്റാൾ സന്ദർശിച്ചപ്പോൾ*

എന്നാൽ 28 വർഷത്തോളം സംഘത്തിന്റെ രജിസ്ട്രേഷൻ പുതുക്കാഞ്ഞത് വലിയ വെല്ലുവിളിയായി. നെടുമങ്ങാട്, തിരുവനന്തപുരം റീജിയണുകളിലെ 28 റബ്ബറുത്പാദകസംഘങ്ങൾ രജിസ്ട്രേഷൻ പുതുക്കാൻ ധനസഹായം നൽകുകയും 28 വർഷത്തെ രജിസ്ട്രേഷൻ പിഴയടച്ച് പുതുക്കുകയും ചെയ്തു. പുനരുദ്ധരിച്ച് വീണ്ടും പ്രവർത്തനക്ഷമമാക്കിയ സമൂഹസംസ്കരണ ശാലയുടെ ഔദ്യോഗിക ഉദ്ഘാടനകർമം 2023 ഏപ്രിൽ 28-ാം തീയതി കാനറാ ബാങ്ക് ജനറൽ മാനേജർ എസ്. പ്രേംകുമാർ നിർവഹിച്ചു.

### കമ്മ്യൂണിറ്റിഹാളിന്റെ പിറവി

തേവിയാർകുന്ന് നിവാസികളുടെ ദീർഘകാലമായുള്ള ആഗ്രഹമായിരുന്നു പൊതുപരിപാടി നടത്താൻ യോജിച്ച ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുക എന്നത്. സംഘം പുനരുദ്ധരിച്ചതിനുശേഷമുള്ള പൊതുയോഗത്തിൽ റബ്ബർബോർഡ് ഉദ്യോഗസ്ഥരോട് ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുന്നത് സംബന്ധിച്ചുള്ള സാധ്യതകളെപ്പറ്റി ഭരണസമിതി ആരാഞ്ഞു. തുടർന്ന് നടന്ന ചർച്ചയിൽ 2019-ൽ എ.കെ. ആന്റണി എം.പി. -യുടെ ഫണ്ടിൽനിന്ന് ട്രൈബൽ ഏരിയയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് 35 ലക്ഷം രൂപ അനുവദിക്കപ്പെട്ടെങ്കിലും യോജിച്ച സ്ഥലം ലഭിക്കാഞ്ഞതിനാൽ കമ്മ്യൂണിറ്റി ഹാൾ പണിയാൻ



*ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തവർ*

കഴിഞ്ഞില്ല. ആ ഫണ്ട് നഷ്ടപ്പെട്ടുപോകാതിരിക്കാൻ ഡെവലപ്മെന്റ് ഓഫീസറുടെ നിർദേശപ്രകാരം ഒരു വിശേഷാൽ പൊതുയോഗം കൂടി സംഘത്തിന്റെ പേരിലുള്ള 30 സെന്റ് വസ്തുവിൽ 10 സെന്റ് സ്ഥലം കമ്മ്യൂണിറ്റി ഹാൾ പണിയാനായി വിട്ടു നൽകാൻ തീരുമാനമെടുത്തു. കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനുവേണ്ടിയുള്ള സമ്മതപത്രം വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന് നൽകി. ബ്ലോക്ക് പഞ്ചായത്തിൽനിന്ന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാളിന്റെ പണി ഉടൻതന്നെ ആരംഭിച്ച് അതിവേഗം പൂർത്തിയാക്കി. റബ്ബർബോർഡിന്റെ അഭ്യർത്ഥന മാനിച്ച് കമ്മ്യൂണിറ്റി ഹാളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ കാനറാ ബാങ്ക് സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകി. 2025 ഫെബ്രുവരി 8-ന് അടൂർ പ്രകാശ് എം.പി. കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം നിർവഹിച്ചു.

തേവിയാർകുന്നിലെ സമൂഹസംസ്കരണശാലയും കമ്മ്യൂണിറ്റി ഹാളും കാണിക്കാർ എന്ന ആദിവാസി വിഭാഗത്തിന്റെ സമഗ്ര ഉന്നമനത്തിന് പുതിയ സാധ്യതകൾ തുറന്നു. മെഡിക്കൽ ക്യാമ്പുകൾ, ഊരുകൂട്ടം, ഗ്രാമസഭകൾ എന്നിവയുൾപ്പെടെ ഈ പ്രദേശത്തിനായുള്ള എല്ലാത്തരം പ്രവർത്തനങ്ങളും നിലവിൽ ഇവിടെ നടക്കുന്നുണ്ട്. ആദിവാസി മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, വ്യാപാര-വാണിജ്യമേഖലയിൽ ശക്തമായ പങ്കാളിത്തം ഉറപ്പാക്കുക, പൊതു സംഘടനകളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുക, പുതിയ തലമുറയ്ക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും നൽകുക തുടങ്ങി സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് ഒരു ചാലക ശക്തിയായി ഇത് വർത്തിക്കുന്നു.

ഒരു കാലത്ത് തകർച്ചയിലേക്ക് തള്ളപ്പെട്ട ഒരു സംരംഭം ഇന്ന് വിജയത്തിന്റെ പടവുകളിലേക്ക് കുതിച്ചുചാട്ടം നടത്തുന്നത് അനുകരണീയമായ ഒരു വികസന മാതൃകയാണ്. ●

# മാർത്താണ്ഡം റീജിയണൽ ഓഫീസ് കുഴിത്തുറയിലേക്ക് മാറ്റി

റബ്ബർബോർഡിന്റെ മാർത്താണ്ഡം റീജിയണൽ ഓഫീസ് കുഴിത്തുറയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി. പുതിയ ഓഫീസിന്റെ ഉദ്ഘാടനം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. നിർവഹിച്ചു. ഉദ്ഘാടനയോഗത്തിൽ മാർത്താണ്ഡം റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ കെ. മുരളി സ്വാഗതവും ഡെവലപ്മെന്റ് ഓഫീസർ ആനന്ദകുമാരി ഐ.എസ്. നന്ദിയും പറഞ്ഞു.



അനിൽകുമാർ ജി. (വൈസ് ചെയർമാൻ, റബ്ബർബോർഡ്), വിശ്വനാഥൻ കെ. (റബ്ബർ ബോർഡ് മെമ്പർ); അഡ്വക്കേറ്റ് രാമചന്ദ്രൻ നായർ, പ്രദീപ്കുമാർ (എൻ.എഫ്.ആർ.പി.എസ്. പ്രതിനിധികൾ) എന്നിവരും കുലശേഖരം, കുഴിത്തുറ മേഖലകളിലുള്ള റബ്ബറുത്പാദക സംഘങ്ങളിലെ പ്രതിനിധികളും ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

പുതിയ ഓഫീസിന്റെ മേൽവിലാസം:
റബ്ബർബോർഡ് റീജിയണൽ ഓഫീസ്
വാർഡ് 7, ഡോർ നമ്പർ – 16/51 A3,
ഗുരുകൃപ, ഇടവിഴഹം, കുഴിത്തുറ,
വിളവൻകോട്, കന്യാകുമാരി ജില്ല,
തമിഴ്നാട്. പിൻ – 629163
ഫോൺ നമ്പർ – 04651 212949

## കർഷകയോഗങ്ങൾ

### കാഞ്ഞിരപ്പള്ളി

റബ്ബർകർഷകർക്കായി റബ്ബർബോർഡ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി കാഞ്ഞിരപ്പള്ളി മേഖലയിലെ റബ്ബറുത്പാദകസംഘം പ്രതിനിധികളുടെ യോഗം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു ഉദ്ഘാടനം ചെയ്തു. റബ്ബർകർഷകർക്ക് അനുവദിച്ചിട്ടുള്ള വിവിധ ധനസഹായപദ്ധതികളെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം റബ്ബർകർഷകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. ചെലവു കുറച്ച് കൃഷി ലാഭകരമാക്കാൻ ശാസ്ത്രീയ




*കാഞ്ഞിരപ്പള്ളി മേഖലയിലുള്ള റബ്ബർകർഷകരുടെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. സിജു റ്റി. സംസാരിക്കുന്നു*

കൃഷിരീതികളും ഇടവേള കൂടിയ ടാപ്പിങ്രീതികളും സ്വീകരിക്കേണ്ടതിനെക്കുറിച്ചും യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി വിശദീകരിച്ചു.



*സദസ്സിന്റെ ഒരു ദൃശ്യം*

ജയമോൾ സി.എൽ. (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഷാജിമോൾ ജോസ് (സെക്രട്ടറി, ചിറക്കടവ് മോഡൽ ആർ.പി.എസ്.) സ്വാഗതവും സാലിക്കുട്ടി ജോസഫ് (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ) കൃതജ്ഞതയും പറഞ്ഞു. കാഞ്ഞിരപ്പള്ളി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജാസ്മിൻ തോംസൺ (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ) യോഗത്തിൽ വിശദീകരിച്ചു.

റബറുത്പാദകസംഘം പ്രതിനിധികളായ കെ.ജെ. ജോൺ (തമ്പലക്കാട് ആർ.പി.എസ്.), ജോർജ് കുര്യൻ (വെംബ്ലി ആർ.പി.എസ്.), അബ്ദുൾ കരീം (വഞ്ചിമല ആർ.പി.എസ്.); സോജി എബ്രഹാം, സേവ്യർ (പുളിമാവ് ആർ.പി.എസ്.), മൈക്കിൾ ജോസഫ് (ചിറക്കടവ് ആർ.പി.എസ്.), നൗഷാദ് (ഇടക്കുന്നം ആർ.പി.എസ്.), വി.എൻ. കൃഷ്ണൻപിള്ള (കുറുങ്കണ്ണി ആർ.പി.എസ്.), റ്റി.എം ബാബുകുട്ടി (മൈത്രി ആർ.പി.എസ്.), സിറിയക് നിക്കോളാസ് (എരുമേലി ആർ.പി.എസ്.) എന്നിവരും സംസാരിച്ചു. •

# റബ്ബർബോർഡ് പെൻഷനേഴ്സിന്റെ വാർഷികസമ്മേളനം




ആൾ ഇന്ത്യ റബ്ബർബോർഡ് പെൻഷനേഴ്സ് വെൽഫയർ അസ്സോസിയേഷന്റെ ഇരുപത്തി ഒൻപതാം വാർഷികസമ്മേളനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. കോട്ടയത്ത് കെ.പി.എസ്. മേനോൻ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ വെച്ച് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കു വേണ്ടി കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനി മുഖേന നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

എൺപതു വയസിനു മുകളിൽ പ്രായമായ അംഗങ്ങളെ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു പുരസ്കാരം നൽകി ആദരിച്ചു. പ്രസിഡന്റ് ബി. ഉണ്ണിക്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി കെ.എൻ. വിജയചന്ദ്രൻ നായർ വാർഷികറിപ്പോർട്ടും ട്രഷറർ ഇ.റ്റി. തോമസ് വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു. മോഹനൻ എ.ആർ. മേനോൻ സ്വാഗതവും സി. സാബു നന്ദിയും പറഞ്ഞു.

സംഘടനയുടെ പുതിയ ഭാരവാഹികളായി സി. സാബു (പ്രസിഡന്റ്), കുരുവിള ജോസഫ് (വൈസ് പ്രസിഡന്റ്), കെ.എൻ. വിജയചന്ദ്രൻ നായർ (ജനറൽ സെക്രട്ടറി), കെ.ജി. ശ്രീകുമാർ (ജോയിന്റ് സെക്രട്ടറി) ഇ.റ്റി. തോമസ് (ട്രഷറർ) എന്നിവരെയും കമ്മറ്റിയംഗങ്ങളായി എം. നാരായണൻ പോറ്റി, ബി. ഉണ്ണിക്കൃഷ്ണൻ, ഡോ. പ്രശാന്ത് കുമാർ, എം. ശ്രീലത എന്നിവരെയും ക്ഷേമനിധി കമ്മറ്റിയംഗങ്ങളായി കെ.ജി. ജയൻ, ജോസ് ജോർജ് എന്നിവരെയും തിരഞ്ഞെടുത്തു. •

# ഇ.യു.ഡി.ആർ.: അവബോധനപരിപാടികൾ സംഘടിപ്പിച്ചു

യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണചട്ടങ്ങളുമായി (ഇ.യു.ഡി.ആർ.) ബന്ധപ്പെട്ട ബോധവൽക്കരണത്തിന്റെ ഭാഗമായി നിലമ്പൂർ, പാലക്കാട്, മൂവാറ്റുപുഴ, കോട്ടയം എന്നീ സ്ഥലങ്ങളിൽ വെച്ച് റബ്ബർവ്യാപാരികളുടെയും റബ്ബർ സംസ്കർത്താക്കളുടെയും യോഗങ്ങൾ നടത്തി. റബ്ബർബോർഡും ഇന്ത്യൻ റബ്ബർ ഡീലേഴ്സ് ഫെഡറേഷനും (ഐ.ആർ.ഡി.എഫ്.) സംയുക്തമായി സംഘടിപ്പിച്ച യോഗങ്ങളിൽ റബ്ബർബോർഡ് മാർക്കറ്റിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിനോയ് കെ. കുര്യൻ, ട്രയമ്പു ടെക് സൊല്യൂഷൻസ് പ്രതിനിധികൾ, ഐ.ആർ.ഡി.എഫ്. പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബർ യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള പ്രകൃതിദത്തറബ്ബറാണ് എന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായി തോട്ടങ്ങൾ ജിയോ മാപ്പിങ് ചെയ്യേണ്ടതുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങളുടെ രഹസ്യസ്വഭാവം റബ്ബർബോർഡ് കാത്തുസൂക്ഷിക്കുന്നതാണ്.

ജിയോ മാപ്പിങ്ങിനായി ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രയമ്പു ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (TRST01) എന്ന സ്ഥാപനത്തെയാണ് റബ്ബർബോർഡ് നിയോഗിച്ചിട്ടുള്ളത്. •




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിന്റെ വളപ്രയോഗ ശുപാർശകൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. അമ്പിളി കെ.കെ., 'റബ്ബർ നടീലിനായുള്ള മുന്നൊരുക്കങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് 'റബ്ബർമരങ്ങളിലെ റെയിൻഗാർഡിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ.എ. വിൻസെന്റ് എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് താഴെ ചേർത്തിട്ടുള്ളത്.

### റബ്ബറിന്റെ വളപ്രയോഗശുപാർശകൾ

1. ***റബ്ബർതോട്ടങ്ങളിൽ വളപ്രയോഗം നടത്തേണ്ട രീതികളെക്കുറിച്ച് വിശദീകരിക്കാമോ?***

   റബ്ബർതോട്ടങ്ങളിൽ വർഷത്തിൽ രണ്ടു പ്രാവശ്യമാണ് വളപ്രയോഗം നടത്തേണ്ടത്. ഏപ്രിൽ-മെയ് മാസത്തിലും സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും. നാലു വർഷം വരെ പ്രായമായ മരങ്ങൾക്ക് ചുറ്റും വൃത്താകൃതിയിൽ വളമിട്ടുകൊടുക്കാം. എന്നാൽ, അഞ്ചാംവർഷം മുതൽ വളം റബ്ബർനിരകൾക്കിടയിൽ വിതറിക്കൊടുത്താൽ മതിയാകും. കുഴികളെടുത്തോ ആഴമുള്ള ചാലുകൾ കീറിയോ വളമിടരുത്. അതുപോലെ മരങ്ങളുടെ ചുവടിനോട് ചേർത്തും വളമിടരുത്.

2. ***റബ്ബർമരങ്ങൾക്ക് വളമിടുന്നതിന് യോജിച്ച കാലാവസ്ഥ ഏതാണ്?***

   മണ്ണിൽ ആവശ്യത്തിന് ഈർപമുള്ളപ്പോൾ വളമിടാവുന്നതാണ്. കാലവർഷത്തിന് മുന്നോടിയായി രണ്ടു മൂന്നു മഴ ലഭിച്ചാൽ വളമിടാം. കാലവർഷം തുടങ്ങുന്നതിന് മുമ്പായി വളപ്രയോഗം നടത്തുന്നതാണ് നല്ലത്. ശക്തമായ മഴയുള്ളപ്പോൾ വളമിടരുത്.

3. ***ടാപ്പുചെയ്യുന്ന മരങ്ങൾക്കുള്ള പൊതുവളപ്രയോഗ ശുപാർശ എത്രയാണ്?***

   അഞ്ചു വർഷമോ അതിൽ കൂടുതലോ പ്രായമുള്ള മരങ്ങൾക്ക് (ടാപ്പുചെയ്യുന്ന മരങ്ങൾ ഉൾപ്പെടെ) ഒരു ഹെക്ടറിന് (400 മരങ്ങൾ) ഒരു വർഷം 65 കി. ഗ്രാം യൂറിയ, 110 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ കൂട്ടിയിളക്കി വളപ്രയോഗം നടത്താം.

4. ***ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ മഗ്നീഷ്യം ചേർക്കേണ്ടതുണ്ടോ?***

   ടാപ്പുചെയ്യുന്ന മരങ്ങളിൽ മഗ്നീഷ്യം കുറവുള്ളതിന്റെ ലക്ഷണങ്ങളായ മഞ്ഞളിപ്പും ഇലകളുടെ ഞരമ്പുകൾ മീൻമുള്ളു പോലെയാകുന്നതും ശ്രദ്ധയിൽപെട്ടാൽ (അതായത് സെപ്റ്റംബർ മുതൽ



*ഡോ. അമ്പിളി കെ.കെ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

# GOLDEN TOUCH®

## FORMIC ACID

**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)
**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® - ALUMINIUM DISH**
**GOLDEN TOUCH® - FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**
N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*
GTC®
Since 1991

*Geo Thomas & Co.*
IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

ഡിസംബർ വരെയുള്ള മാസങ്ങളിൽ ഈ ലക്ഷണം കാണുകയാണെങ്കിൽ) ഒരു ഹെക്ടറിന് (400 മരങ്ങൾക്ക്) 50 കി. ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്ന കണക്കിൽ സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള സമയങ്ങളിൽ ചേർത്തുകൊടുക്കാം. മഗ്നീഷ്യത്തിന്റെ അളവ് കൂടിപ്പോയാൽ റബ്ബർപാൽ തരിച്ചുപോകാൻ സാധ്യതയുണ്ട്.

5. ***റബ്ബർതോട്ടത്തിൽ സൂക്ഷ്മമൂലകങ്ങൾ ചേർത്തുകൊടുക്കേണ്ടതുണ്ടോ?***

സൂക്ഷ്മമൂലകങ്ങൾ ചേർക്കുന്നതിന് മുൻപ് തീർച്ചയായും മണ്ണുപരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സിങ്ക്, ബോറോൺ വളങ്ങൾ ആവശ്യമുണ്ടെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന അളവിൽ മാത്രം ചേർക്കുക. ഇത് പ്രധാന വളങ്ങൾ ചേർത്ത് രണ്ടാഴ്ചയ്ക്കു ശേഷം നൽകാവുന്നതാണ്.

6. ***റബ്ബർതോട്ടങ്ങളിൽ കുമ്മായം ചേർക്കേണ്ട ആവശ്യമുണ്ടോ?***

എല്ലാ തോട്ടങ്ങളിലും കുമ്മായം ചേർക്കേണ്ട ആവശ്യമില്ല. മണ്ണുപരിശോധനയിൽ മണ്ണിന്റെ 'പിഎച്ച്' മൂല്യം അഞ്ചിൽ താഴെയും മണ്ണിലെ കാൽസ്യത്തിന്റെ അളവ് 100 മി.ഗ്രാം/ കിലോഗ്രാമിൽ താഴെയും ആണെങ്കിൽ മാത്രം കുമ്മായം ചേർത്താൽ മതി. കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക 250 ഗ്രാം അല്ലെങ്കിൽ ഡോളോമൈറ്റ് 500 ഗ്രാം തൈ നടുന്നതിനുള്ള കുഴിയിൽ തൈ നടുന്നതിന് രണ്ടുമൂന്ന് ആഴ്ച മുമ്പ് ഇട്ട് മണ്ണുമായി നന്നായി കൂട്ടിക്കലർത്തണം. ഒന്നുരണ്ട് മഴ ലഭിച്ചതിനുശേഷം മാത്രം തൈകൾ നടാവുന്നതാണ്. അഞ്ചാം വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ പ്രായമുള്ള മരങ്ങൾക്ക് ആവശ്യമെങ്കിൽ മൂന്നുവർഷത്തിലൊരിക്കൽ കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക മരം ഒന്നിന് ഒന്നു മുതൽ ഒന്നര വരെ കി.ഗ്രാം എന്ന തോതിൽ ചേർക്കാവുന്നതാണ്. ഇത് പ്രധാനവളങ്ങൾ (നൈട്രജൻ - യൂറിയ, ഫോസ്ഫറസ് - റോക്ക് ഫോസ്ഫേറ്റ്, പൊട്ടാസ്യം -മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) ചേർക്കുന്നതിന് രണ്ടാഴ്ച മുൻപ് ചേർക്കണം. ഇതിനുശേഷം മഴ ലഭിച്ചുകഴിഞ്ഞു മാത്രമേ പ്രധാന വളങ്ങൾ ചേർക്കാവൂ.

## റബ്ബർ നടീലിനായുള്ള മുന്നൊരുക്കങ്ങൾ

1. ***റബ്ബർമരങ്ങൾ മുറിച്ചുമാറ്റി ആവർത്തനക്കൃഷിക്കായി നിലമൊരുക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

സാധാരണമായി ജൂൺ-ജൂലൈ മാസങ്ങളാണ് നടീലിന് പറ്റിയ സമയം. എന്നിരുന്നാലും കാലവർഷം എത്തുന്നതിനു മുമ്പുതന്നെ നിലമൊരുക്കൽ പൂർത്തിയാക്കണം. കൃഷിചെയ്യാനുള്ള സ്ഥലം തെളിച്ചെടുക്കുക, വഴികളും നടപ്പാതകളും ഉണ്ടാക്കുക, തൈകൾ നടുന്നതിന് ശരിയായ അകലം നിർണയിക്കുക, നിരപ്പുതട്ടുകൾ എടുത്ത് ശുപാർശപ്രകാരമുള്ള കുഴികളെടുക്കുക എന്നിവയാണ് ആദ്യമായി ചെയ്യേണ്ടത്. കാലവർഷം ആരംഭിക്കുന്ന മുറയ്ക്ക് തൈകൾ നടണം.

2. ***ആവർത്തനക്കൃഷി ചെയ്യുമ്പോൾ വീണ്ടും കുഴിയെടുക്കുകയും നിരപ്പുതട്ടുകൾ നിർമിക്കുകയും ചെയ്യേണ്ടതുണ്ടോ?***

റബ്ബർ ആവർത്തനക്കൃഷി ചെയ്യുമ്പോൾ നിരയെടുക്കുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിനായി പുതിയ നിരകളെടുക്കുന്നതിനു പകരം പഴയ നിരകളിലുള്ള റബ്ബർമരങ്ങൾ മുറിച്ചുമാറ്റി, ആ നിരയിൽതന്നെ രണ്ട് മരക്കുറ്റികൾക്കിടയിൽ കുഴിയെടുത്ത് റബ്ബർ നടാം. മുൻപ് കൃഷിചെയ്തിരുന്നതിൽനിന്ന് വ്യത്യസ്തമായ ഇടയകലത്തിലാണ് റബ്ബർ നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ കുഴികളെടുക്കാൻ തടസ്സമായി വരാവുന്ന പഴയ റബ്ബർകുറ്റികൾ പിഴുതുമാറ്റണം. കുഴിയെടുപ്പിന് തടസ്സമാകാത്ത മരക്കുറ്റികൾ പിഴുതുമാറ്റേണ്ടതില്ല.



ഡോ. ഫേബ ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

3. ***റബ്ബർതൈകൾ നടാനായി എത്ര വലുപ്പമുള്ള കുഴികളെടുക്കണം?***

മണ്ണാഴം കുറഞ്ഞതും വളരെ ഉറച്ചുകിടക്കുന്നതുമായ സ്ഥലങ്ങളിൽ 75 സെ.മീ. (രണ്ടര അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളാണ് എടുക്കേണ്ടത്. എന്നാൽ, ഒരു മീറ്ററോ അതിലേറെയോ മണ്ണാഴമുള്ള സ്ഥലങ്ങളിൽ കൂടത്തൈകൾ ഇറക്കിവെയ്ക്കാൻ മാത്രം വലിപ്പമുള്ള ചെറിയ കുഴികളെടുത്ത് തൈകൾ നട്ടാൽ മതി. ചെറിയ കുഴികൾ എടുക്കുന്നതിലൂടെ കുഴിയെടുപ്പിന് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 70 ശതമാനത്തോളം കുറയ്ക്കാനാകും.

4. ***ഹിറ്റാച്ചി/ജെ.സി.ബി. ഉപയോഗിച്ച് കുഴികളെടുക്കുമ്പോൾ നിരപ്പുതട്ടുകൾ മുഴുവൻ കിളയ്ക്കേണ്ടതുണ്ടോ?***

ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് കുഴികളെടുക്കുമ്പോൾ റബ്ബർ നടാൻ നിർണയിച്ചിരിക്കുന്ന സ്ഥാനത്തു മാത്രം മണ്ണിളക്കി കുഴികളെടുത്താൽ മതി. നിരപ്പുതട്ട് മുഴുവനും ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് കിളയ്ക്കുന്നത് നിരപ്പുതട്ടുകളുടെ സ്ഥിരതയെ ബാധിക്കുകയും കൃഷിച്ചെലവ് വർധിപ്പിക്കുകയും ചെയ്യും. ഒരു കാരണവശാലും ഇങ്ങനെ ചെയ്യരുത്.

5. ***തൈകൾ നടുന്ന സമയത്ത് ഏതൊക്കെ വളങ്ങളാണ് ചേർക്കേണ്ടത്?***

റബ്ബർതൈകൾ നടാനുള്ള കുഴിയിൽ 200 ഗ്രാം റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 12 കി.ഗ്രാം കമ്പോസ്റ്റോ നന്നായി അഴുകിപ്പൊടിഞ്ഞ ചാണകമോ കുഴികൾ മൂടുന്ന സമയത്ത് ചേർക്കണം. റോക്ക്ഫോസ്ഫേറ്റ് കുഴിയുടെ മുകളിലത്തെ 20 സെ.മീ. മണ്ണുമായി നന്നായി കലർത്തണം. കുഴി മൂടുന്ന സമയത്ത് ഈ വളങ്ങൾ കുഴിയിൽ ഇടാൻ സാധിച്ചില്ലെങ്കിൽ തൈ നടുന്നതിനായി ചെറിയ കുഴി എടുക്കുന്ന സമയത്ത് 200 ഗ്രാം റോക്ക്ഫോസ്ഫേറ്റ് കുഴിയിലെ മണ്ണുമായി

# നീറ്റേണ്ട... കൂട്ടേണ്ട...
# ഇളക്കി നേരിട്ട് പുരട്ടുക

റെഡി ടു യൂസ് കൊണ്ടോടീസ്™

## ബോർഡോ പെയിന്റ്




**4 Kg**
4 Kg -1 Box 2 Nos.

**1 Kg**
1 Kg -1 Box 10 Nos.

**500gm**
500 gm - 1 Box 20 Nos.

**250gm**
250 gm - 1 Box 40 Nos.

**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**

ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

**റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ചീക്ക് രോഗം, കറ പൊട്ടിയോഴുകുക തുടങ്ങിയവയ്ക്ക്**
**കൊണ്ടോഡിസ് റെഡി ടു യൂസ് ബോർഡൊ പെയിന്റ്**
**ഉത്തമ പ്രതിവിധി ആണ്.**





കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

**Also Available**
**ബോർഡോ ലൈം**
1 Kg പൗഡർ

**We manufacture high quality**
COPPER SULPHATE PENTA
**തുരിശ് 98%**
**COPPER SULPHATE**
IS: 2023
CM/L6297584
I KG., 25 KG., 50 KG.
**Crystal & Powder**



**KONDODYS**®
for the best bordeaux spray

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**
ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) 9847046229 Vivin X Kondody: 9880033644

**Coc 50% WDP also available**

**Dealers wanted in all places**

ചേർത്തിളക്കിയശേഷം വേണം തൈകൾ നടാൻ. അതിനുശേഷം ചാണകപ്പൊടി തൈകൾക്ക് ചുറ്റും ഇട്ടുകൊടുക്കാവുന്നതാണ്.

## റബ്ബർമരങ്ങളിലെ റെയിൻഗാർഡിങ്

1. ***റബ്ബർമരങ്ങളിൽ റെയിൻഗാർഡ് ഉറപ്പിക്കേണ്ടത് എങ്ങനെയാണ് ?***

മഴ ആരംഭിക്കുന്നതിന് മുമ്പുതന്നെ റെയിൻഗാർഡിങ് പൂർത്തീകരിക്കേണ്ടതാണ്. പാവാട റെയിൻഗാർഡ് ഉറപ്പിക്കാനായി വെട്ടുചാലിന് 10 സെന്റീമീറ്റർ മുകളിലായി മൊരി ചുരണ്ടിയ ശേഷം അഞ്ച് സെന്റീമീറ്റർ വീതിയിലും രണ്ട് മില്ലീമീറ്റർ കനത്തിലും ഒരു ബാൻഡ് പോലെ പശ തേച്ചുപിടിപ്പിക്കുക. പശ പുരട്ടിയ ഭാഗത്ത് താഴത്തെ പകുതിയിൽ ഞൊറിയിട്ട് തയ്യാറാക്കിയ പോളിത്തീൻഷീറ്റ് ഉറപ്പിക്കുക. വെട്ടുചാലിന്റെ ഇരുവശങ്ങളിലേക്കും 15 സെന്റീമീറ്റർ വീതം കടത്തിവേണം പാവാടറെയിൻഗാർഡ് പിടിപ്പിക്കാൻ. ടാപ്പിങ്ഷേഡ് ആണെങ്കിൽ പിൻകാനയിൽ നിന്ന് 15 സെ.മീ. ഉയരത്തിൽ ഷേഡിന്റെ വീതി കൂടിയ ഭാഗം (ഹുഡ്) ചിരട്ടയുടെ മുകളിൽ വരത്തക്കവിധമാണ് മരത്തിൽ പിടിപ്പിക്കേണ്ടത്. മഴപെയ്യുമ്പോൾ വെട്ടുചാൽ നനയുന്നില്ല എന്നും ഉറപ്പുവരുത്തണം.

2. ***100 റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യാൻ ആവശ്യമായ വസ്തുക്കൾ എന്തെല്ലാമാണ്?***

റബ്ബർമരങ്ങളുടെ വണ്ണത്തിനനുസരിച്ച് റെയിൻഗാർഡ് ചെയ്യാനാവശ്യമായ വസ്തുക്കളുടെ അളവിൽ വ്യത്യാസം വരും. ശരാശരി വണ്ണമുള്ള 100 മരങ്ങൾ പാവാടറെയിൻഗാർഡ് ചെയ്യാനാവശ്യമായ വസ്തുക്കളുടെ വിവരം ഇപ്രകാരമാണ്.

1. പശ - 10-12 കിലോഗ്രാം
2. 300 ഗേജ് കനമുള്ള എൽ.ഡി.പി.ഇ. പോളിത്തീൻ (45 സെ.മീ. വീതിയുള്ളത്) - ഏകദേശം 4.25 കിലോഗ്രാം
3. 400 ഗേജ് കനമുള്ള പ്ലാസ്റ്റിക് റിബ്ബൺ (നാട) - 200-300 ഗ്രാം
4. സ്റ്റേപ്ലർ - 1 എണ്ണം
5. സ്റ്റേപ്ലർ പിൻ - 700-800 എണ്ണം (ചെറിയ മരങ്ങൾക്ക് പത്താം നമ്പർ പിന്നും പ്രായം കൂടിയ മരങ്ങൾക്ക് 24/6 നമ്പർ പിന്നുമാണ് ഉപയോഗിക്കേണ്ടത്.)

3. ***റെയിൻഗാർഡിങ്ങിനുപയോഗിക്കുന്ന പശ ചൂടാക്കുകയോ നേർപ്പിക്കുകയോ ചെയ്യേണ്ടതുണ്ടോ?***

റെയിൻഗാർഡിങ്ങിനുപയോഗിക്കുന്ന പശ തീയിൽ വെച്ച് ചൂടാക്കാൻ പാടില്ല. ചൂടാക്കിയാൽ പശയുടെ ഗുണമേന്മ കുറയും. മാത്രമല്ല, പശയ്ക്ക് രാസമാറ്റം സംഭവിച്ച് കൂടുതൽ ദൃഢമായിത്തീർന്ന് വിള്ളലുകൾ ഉണ്ടാകുകയും റെയിൻഗാർഡ് ചെയ്ത് കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ ചോർച്ചയുണ്ടാകുകയും ചെയ്യും. അതിനാൽ, ആവശ്യമെങ്കിൽ മാത്രം പശയടങ്ങിയ ടിൻ വെയിലത്ത് വെച്ച് അൽപം അയവുള്ളതാക്കാം. മണ്ണെണ്ണയോ അല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും വസ്തുക്കളോ ചേർത്ത് പശ നേർപ്പിക്കുന്നതും മരത്തിന് ദോഷം ചെയ്യും.

4. ***റെയിൻഗാർഡിന് ചോർച്ചയുണ്ടായാൽ എന്തൊക്കെ പരിഹാരമാർഗങ്ങൾ ചെയ്യാൻ സാധിക്കും?***

റെയിൻഗാർഡുചെയ്ത മരങ്ങളിൽ ആദ്യ മഴയ്ക്കുശേഷം ചോർച്ച കാണപ്പെട്ടാൽ നല്ല വെയിലുള്ളപ്പോൾ അത്തരം മരങ്ങളിൽവീണ്ടും പശ തേച്ച് ചോർച്ച തടയാവുന്നതാണ്. ജൂലൈ-ആഗസ്റ്റ് മാസങ്ങൾ ആകുമ്പോഴേക്കും റെയിൻഗാർഡിന് ചോർച്ച കണ്ടാൽ അത് ഒഴിവാക്കുന്നതിനായി ഒരു ചെറിയ റെയിൻഗാർഡ് (മിനി റെയിൻഗാർഡ്) തൻവർഷത്തെ റെയിൻഗാർഡിന് മുകളിലായി പിടിപ്പിച്ചാൽ മതി. ഇതിനായി 7.5 സെ.മീ. വീതിയുള്ള പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് ഞൊറി ഇടാതെ റെയിൻഗാർഡ് ചെയ്യുന്നതുപോലെ പിടിപ്പിച്ചാൽ മതിയാകും.



*ഡോ. കെ.എ. വിൻസെന്റ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

5. ***റെയിൻഗാർഡുചെയ്ത് ടാപ്പിങ് നടത്തിയാൽ പട്ടമരച്ചു പോകാൻ സാധ്യതയുണ്ടോ ?***

റെയിൻഗാർഡ് ചെയ്തു ടാപ്പു ചെയ്താൽ പട്ടമരച്ചു പോകും എന്ന് പറയുന്നത് തെറ്റാണ്. എന്നാൽ റെയിൻഗാർഡ് പിടിപ്പിച്ച മരങ്ങളുടെ വെട്ടുചാലിൽ ഈർപം കൂടുതലുണ്ടാകാനുള്ള സാധ്യതയുണ്ട്. ഇത് പട്ടചീയൽരോഗത്തിന് കാരണമായേക്കാം അതിനാൽ ആഴ്ചയിലൊരിക്കൽ ഇൻഡോഫിൽ എം. 45 അല്ലെങ്കിൽ ഡൈത്തേൻ എം. 45 എന്ന കുമിൾനാശിനി (5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ ചേർത്തിളക്കിയത്) ഉപയോഗിച്ച് വെട്ടുപട്ട കഴുകേണ്ടതാണ്. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ മഴയില്ലെങ്കിൽ റെയിൻഗാർഡ് ഉയർത്തിവച്ച് വെട്ടുചാലിൽ കാറ്റും വെളിച്ചവും ഏൽക്കാനുള്ള സാഹചര്യം ഒരുക്കുന്നത് രോഗം വരാനുള്ള സാധ്യത കുറയ്ക്കും.

6. ***ചെറുകിടത്തോട്ടങ്ങളിൽ റെയിൻഗാർഡിങ് നടത്താനായി ധനസഹായപദ്ധതികൾ നിലവിൽ ഉണ്ടോ?***

പരമ്പരാഗത റബ്ബർകൃഷിമേഖല, പാരമ്പര്യേതര റബ്ബർകൃഷിമേഖല, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ 10 മുതൽ 25 വരെ വർഷം പ്രായമായ റബ്ബർമരങ്ങളിൽ റെയിൻഗാർഡ് പിടിപ്പിക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾ മുഖേന ഹെക്ടർ പ്രതി 4000 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി രണ്ട് ഹെക്ടർ വരെ ധനസഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്കായി കർഷകർ അവരവർ അംഗങ്ങളായിട്ടുള്ള റബ്ബറുത്പാദകസംഘങ്ങളുമായി ബന്ധപ്പെടേണ്ടതാണ്.

*തയ്യാറാക്കിയത്:*

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

# Guard Against the Monsoon!
# Secure Your Latex Tapping Channels with
# ANNA RAINPROOF

(Rain Guarding Compound)

**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**






## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF MEMBER OF MULTILATERAL RECOGNITION ARRANGEMENT

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ANNA INDUSTRIES SINCE 1991

**Anna Industries**

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
www.annabusiness.com

Toll Free : 1800 1230 366

# റബ്ബർതൈ വിതരണോദ്ഘാടനം




ഗുണമേന്മയുള്ള റബ്ബറിനങ്ങളുടെ നടീൽവസ്തുക്കൾ റബ്ബർബോർഡിന്റെ മുക്കടയിലുള്ള സെൻട്രൽ നഴ്സറിയിൽ നിന്നും കടയ്ക്കാമൺ, കാഞ്ഞിക്കുളം, മഞ്ചേരി, ആലക്കോട്, ഉളിക്കൽ എന്നീ പ്രാദേശിക നഴ്സറികളിൽ നിന്നും കർഷകർക്ക് ലഭ്യമാണ്.

മുക്കട സെൻട്രൽ നഴ്സറിയിലെ കപ്പുതൈകളുടെ ഈ വർഷത്തെ വിതരണം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. റബ്ബർകർഷകനായ തച്ചനാലിൽ റോയ് ജോർജിന് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സലി എൻ. (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), ചന്ദ്രലേഖ കെ. (ഡെവലപ്മെന്റ് ഓഫീസർ), ഗോപകുമാർ ആർ. (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ), ബിജു കെ.ജി. (അസിസ്റ്റന്റ്), പ്രദീപ്കുമാർ പി.ബി. (ജൂനിയർ ഫാം ഓഫീസർ), അഭിലാഷ് എ. (ഫാം അസിസ്റ്റന്റ്) എന്നിവരും നഴ്സറിയിലെ തൊഴിലാളികളും സന്നിഹിതരായിരുന്നു.

പുനലൂർ റീജിയണൽ ഓഫീസിനു കീഴിലുള്ള കടയ്ക്കാമൺ റീജിയണൽ നഴ്സറിയിലെ കപ്പുതൈകളുടെ വിതരണോദ്ഘാടനവും ഡോ. സിജു റ്റി. നിർവഹിച്ചു. കർഷകനായ ജോൺകുട്ടി വെട്ടിക്കാട്ടിന് തൈകൾ നൽകിക്കൊണ്ടാണ് അദ്ദേഹം ഉദ്ഘാടനം ചെയ്തത്.

ചടങ്ങിൽ സലി എൻ., ചന്ദ്രലേഖ കെ., സി. രതീഷ് (അസി. ഡെവലപ്മെന്റ് ഓഫീസർ), രതീഷ് കുമാർ ഒ. (ഫാം അസിസ്റ്റന്റ്), ജിജുരാജ് വി.എൻ. (ഫാം അസിസ്റ്റന്റ്), സാം പി.ഒ. (പത്തനാപുരം ആർ.പി. എസ്) എന്നിവരും നഴ്സറിയിലെ തൊഴിലാളികളും കർഷകരും സന്നിഹിതരായിരുന്നു. •

# കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും പോലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.



*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*



ചീക്കുരോഗം വന്നാൽ പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗങ്ങളിൽ അതിന് ഒരടി മുകളിലേക്കും താഴേക്കും നീട്ടി ബോർഡോക്കുഴമ്പ് പുരട്ടണം. രോഗം ഗുരുതരമായി ബാധിച്ചെങ്കിൽ ബോർഡോക്കുഴമ്പ് തേച്ച് അത് ഉണങ്ങിയശേഷം കുമിളും കേടുവന്ന പട്ടയും ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്.



# ജൂലൈമാസത്തെ കൃഷിപ്പണികൾ

ജൂലൈ അവസാനം മുതൽ റബ്ബർവിത്തുകൾ ലഭിച്ചുതുടങ്ങും. നനഞ്ഞ കരിപ്പൊടിയുമായി ചേർത്ത് പായ്ക്കുചെയ്തിരുന്നാൽ വിത്തുകളുടെ മുളയ്ക്കാനുള്ള ശേഷി ഒന്നുരണ്ടു മാസക്കാലം വരെ നിലനിർത്താം.

വിത്തുകൾ തമ്മിൽ തൊട്ടിരിക്കത്തക്കവിധം നിരത്തി സാവധാനത്തിൽ മണലിലേക്ക് അമർത്തി, മേൽഭാഗം തടത്തിലെ മണലിനു മുകളിൽ കാണാവുന്ന രീതിയിൽ പാകണം. തടങ്ങൾ കയറ്റുപായോ മെടഞ്ഞ ഓലയോകൊണ്ട് മൂടിയിടുകയും നനയ്ക്കുകയും ചെയ്യണം. വിത്തുകൾ മുളയ്ക്കുന്നതനുസരിച്ച് അവ തടങ്ങളിലേക്കോ റൂട്ട്ട്രെയിനർ കപ്പുകളിലേക്കോ മാറ്റിനടാം.

തൈകൾ ബഡ്ഡുചെയ്ത് പറിച്ചുനടാനാണെങ്കിൽ 30 സെ.മീ. x 30 സെ.മീ. അകലത്തിലോ 60 സെ.മീ. x 23 സെ.മീ. അകലത്തിലോ വേണം അവ തടങ്ങളിൽ നടാൻ. ബഡ്ഡുവുഡ് നഴ്സറിക്കാണെങ്കിൽ 60 സെ.മീ. x 90 സെ.മീ. അല്ലെങ്കിൽ 60 സെ.മീ. x 120 സെ.മീ. എന്നീ അകലങ്ങളാണ് സ്വീകരിക്കേണ്ടത്.

**നടീൽ**

കാലാവസ്ഥ അനുകൂലമാണെങ്കിൽ ഈ മാസത്തിലും കൃഷിയിടത്തിൽ തൈകൾ നടാം. കുറ്റിത്തൈയാണ് നടുന്നതെങ്കിൽ പക്കവേരുകൾ തായ്‌വേരിനോടു ചേർത്തുവച്ച് മുറിക്കരുത്. വളഞ്ഞുപിരിഞ്ഞ തായ്‌വേരോ ഒന്നിലധികം തായ്‌വേരുകളോ ഉള്ള തൈകൾ നടാൻ ഉപയോഗിക്കരുത്.

തായ്‌വേര് കുഴിയിൽ ഇറങ്ങിയിരിക്കത്തക്കവണ്ണം വേണം തൈകൾ നടാൻ. തായ്‌വേരിന്റെ കീഴറ്റം മണ്ണിൽ ചേർന്നിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പക്കവേരുകൾ മുകൾവശത്ത് മണ്ണുനീക്കിയിടത്ത് ഒതുക്കിവച്ചതിനുശേഷം ചുറ്റും മണ്ണിട്ട് നിറച്ച് ചവിട്ടി ഉറപ്പിക്കുക.

കൂടത്തൈകളോ കപ്പുതൈകളോ ആണ് നടീലിനുപയോഗിക്കുന്നതെങ്കിൽ ഏറ്റവും മുകളിലത്തെ ഇലത്തട്ട് മൂപ്പെത്തിയശേഷമേ അവ മാറ്റി നടാവൂ. കൂമ്പുചീയൽ രോഗബാധ തടയുന്നതിന് തോർച്ചയും തെളിവുമുള്ള സമയം നോക്കി തൈകൾക്ക് ബോർഡോ മിശ്രം തളിക്കണം

**കപ്പുതൈകൾ**

കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റി നടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ നടുവിൽ ഒരു ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച്



തൈനടീൽ



കുമിൾനാശിനി ഉപയോഗിച്ച് പട്ട കഴുകുന്നു

ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.

### ആവരണവിളകൾ

റബ്ബർതൈകൾ നട്ടതിനോടൊപ്പം ആവരണവിളകൾ നടാത്ത തോട്ടങ്ങളിൽ ഈ മാസത്തിൽതന്നെ അവ വെച്ചുപിടിപ്പിക്കാവുന്നതാണ്. റബ്ബർതോട്ടങ്ങളിലെ മണ്ണു സംരക്ഷിക്കുന്നതിനും മണ്ണിന്റെ ഘടനയും ഫലപുഷ്ടിയും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ആവരണച്ചെടികൾ നട്ടുപിടിപ്പിക്കുന്നത്. അന്തരീക്ഷത്തിലെ നൈട്രജനെ വലിച്ചെടുത്ത് പ്രധാനവിളയ്ക്ക് ഉപയോഗിക്കാൻ പാകത്തിൽ സൂക്ഷിക്കാൻ കഴിവുള്ളതിനാൽ പയറുവർഗത്തിൽപെട്ട ആവരണവിളകളാണ് റബ്ബർതോട്ടങ്ങളിൽ വളർത്താൻ യോജിച്ചത്. ഇവ തോട്ടങ്ങളിൽ പിടിപ്പിക്കാൻ എളുപ്പമാണെന്ന് മാത്രമല്ല നല്ല നിലാവരണമായി വളരുകയും ചെയ്യും.

### ചീക്കിനെതിരെ

കാലവർഷക്കാലത്താണ് റബ്ബർതൈകൾക്ക് ചീക്ക് (പിങ്കുരോഗം) ബാധിക്കുന്നത്. മരങ്ങളുടെ കവരഭാഗത്ത് തൊലിപ്പുറമേ വെളുപ്പോ ഇളം ചുവപ്പോ നിറത്തോടുകൂടി ചിലന്തിവലപോലെ പൂപ്പൽ വളരുകയും കേടുവന്ന ഭാഗത്തുനിന്ന് കറ ഒലിച്ചിറങ്ങുകയും രോഗാക്രമണം ഉണ്ടായ ഭാഗത്തെ പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നു. പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗങ്ങളിൽ അതിന് ഒരടി മുകളിലേക്കും താഴേക്കും നീട്ടി ബോർഡോക്കുഴമ്പ് പുരട്ടണം. രോഗം ഗുരുതരമായി ബാധിച്ചെങ്കിൽ ബോർഡോക്കുഴമ്പ് തേച്ച് അത് ഉണങ്ങിയശേഷം കുമിളും കേടുവന്ന പട്ടയും ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്. തിറം എന്ന കുമിൾനാശിനി 10 ഗ്രാം ഒരു കിലോഗ്രാം പെട്രോളിയം ഉത്പന്നത്തിൽ കലർത്തിയ മിശ്രിതവും രോഗനിവാരണത്തിന് ഉപയോഗിക്കാം.

### പട്ടചീയൽ തടയാൻ

മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് ടാപ്പിങ് തുടരുന്ന തോട്ടങ്ങളിൽ പട്ടചീയലിനെതിരെ സംരക്ഷണനടപടികൾ സ്വീകരിക്കേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും വെട്ടുപട്ട കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ് എന്ന കുമിൾനാശിനി അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനിയാണ് ഉപയോഗിക്കേണ്ടത്. ചകിരി ചതച്ചുണ്ടാക്കിയ ഒരു ബ്രഷ് ഉപയോഗിച്ച് വെട്ടുചാലിന് തൊട്ടു മുകളിലായി അഞ്ചു സെ.മീ. വീതിയിൽ ഉരച്ച് കഴുകണം. ചീഞ്ഞ പട്ട ചുരണ്ടിമാറ്റി കുമിൾനാശിനി കൊണ്ട് കഴുകിയശേഷം മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പന്നങ്ങളിൽ ഏതെങ്കിലുമൊന്ന് പുരട്ടണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2025 ജൂലൈ മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർകൃഷി (വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്ക്)**
   വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്കായി റബ്ബർകൃഷി പരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ജൂലൈ 01 മുതൽ 03 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലന പരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **തേനീച്ചവളർത്തൽ**
   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം ജൂലൈ 08-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ പരിശീലനം**
   ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ മൂന്നു ദിവസത്തെ പരിശീലനം ജൂലൈ 08 മുതൽ 10 വരെയുള്ള തീയതികളിൽ നടക്കും. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് & കാലിബ്രേഷൻ ലബോറട്ടറീസ് (NABL) -ന്റെ ഔദ്യോഗികമായ അംഗീകാരത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥകളെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുന്നതിന് പരിശീലനം സഹായിക്കും. ടെസ്റ്റ്, കാലിബ്രേഷൻ എന്നിവ നടത്തുന്ന സ്ഥാപനങ്ങൾക്കും ഉത്പന്നങ്ങളുടെ സാക്ഷ്യപ്പെടുത്തലുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്ന ലബോറട്ടറികൾക്കുമെല്ലാം ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് ഒരു ദിവസത്തേക്ക് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഷീറ്റുറബ്ബർ നിർമാണം, തരംതിരിക്കൽ**
   ഷീറ്റുറബ്ബർ നിർമാണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ



സംഭരണം, ഷീറ്റുറബ്ബർ നിർമാണം, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജൂലൈ 14, 15 തീയതികളിൽ നടത്തുന്നു. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **വളമിടൽ**

റബ്ബർമരങ്ങൾക്ക് വളമിടുന്നതിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) ജൂലൈ 17-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **നടീൽവസ്തുക്കൾ**

വിവിധതരം നടീലിനങ്ങളെക്കുറിച്ചും നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള പരിശീലനം ജൂലൈ 21-ന് നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ പരിശീലനം (ഓൺലൈൻ ) ജൂലൈ 24-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.



167 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# നന്മനിറഞ്ഞ നാട്ടുമാവുകൾ നാടുനീങ്ങാതിരുന്നെങ്കിൽ

മുറ്റത്തൊരു പടുകൂറ്റൻ മാവ് പണ്ട് കേരളത്തിലെ തറവാടുകളുടെ മുഖമുദ്രയായിരുന്നു. അതിനു ചുവട്ടിൽ നിന്നും ബാല്യങ്ങൾ കൗമാരത്തിലേക്കും യൗവനത്തിലേക്കും വളർന്നു. പിന്നീടൊരിക്കൽ ജീവിതയാത്രയ്ക്ക് വിരാമമിടുമ്പോഴും മാവ് തന്നെ തുണയായിത്തീരുന്നു. കലാലയത്തിനു മുന്നിലെ കാരണവരായ മാവിനെ 'സ്ഥലാപ്രാധിപൻ' എന്നു വിളിച്ച് കുമാരനാശാൻ ബഹുമാനിച്ചു. മാവുമായും മാങ്ങയുമായും ബന്ധപ്പെട്ട് എത്രയോ കവിതകളും ചലച്ചിത്രഗാനങ്ങളുമാണുള്ളത്. മാങ്ങയുടെ ചുന വീണു പൊള്ളിയ നെഞ്ചുമായി പച്ചമാങ്ങയുടെ പുളിയും മാമ്പഴത്തിന്റെ മധുരവുമായി പലതരം മാവുകൾ തേടി അവധിക്കാലം മുഴുവൻ കളിച്ചുനടന്ന പോയകാലം ഓർമയിൽ തെളിയുന്നു. എത്രയോ ഇനം നാട്ടുമാവുകൾ ഉണ്ടായിരുന്നു. അവയ്ക്കോരോ ആകൃതി, ഓരോ നിറം, വലിപ്പം, ഓരോ രുചി, ഓരോ മണം!

മാമ്പൂ നുള്ളിയ കുഞ്ഞിനെ ശാസിച്ച അമ്മയുടെ കണ്ണുനീർ മാമ്പഴമായി മലയാളിയുടെ മനസിൽ നീറുന്നുണ്ട്. 'അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ' എന്ന വരി കേൾക്കാത്ത മലയാളിയില്ല. അതൊരു ശോകകാവ്യത്തിന്റെ ആരംഭമാണ്. നാട്ടുമാവിന്റെ കാര്യത്തിൽ മലയാളിയുടെ ഇന്നത്തെ അവസ്ഥയും അങ്ങനെ തന്നെ. നാട്ടുമാവുകൾ മിക്ക സ്ഥലങ്ങളിൽനിന്നും പോയി മറഞ്ഞു. വിശാലമായ പഴയ മുറ്റങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചുനിന്നിരുന്ന മുത്തശ്ശിമാവുകൾ ഓർമയിൽ മാത്രമേയുള്ളൂ. 'കാറ്റേ വാ, ഞങ്ങൾക്കു മാമ്പഴം വീഴ്ത്തിത്താ' എന്നു പാടി അവധിക്കാലത്തു കാത്തുനിന്ന കുട്ടികളും ഇന്നില്ല. ഇപ്പോൾ ചലച്ചിത്രഗാനമെഴുതുന്നവർ മാത്രമാണു മാവിനെയും മാമ്പഴത്തെയും മാമ്പൂവിനെയും അന്വേഷിക്കുന്നത്. പലതരം മാവിനങ്ങൾകൊണ്ട് കേരളം സമ്പന്നമായിരുന്നു. പുളിച്ചിമാവിൽനിന്ന് എറിഞ്ഞു വീഴ്ത്തുന്ന പച്ചമാങ്ങ കടിച്ചവന്റെ മുഖം കണ്ടാലറിയാം അതിന്റെ മുഴുവൻ രുചിയും അനുഭവിക്കുന്നുവെന്ന്.

മലയാളിക്ക് മാവ് കേവലം ഒരു ഫലവൃക്ഷം മാത്രമല്ല, ജീവിതഗന്ധിയായ മറ്റെന്തൊക്കെയോ ആണ്. പറമ്പു മുഴുവൻ പടർന്നു പന്തലിച്ചു നിൽക്കുന്ന, പിടിച്ചാൽ പിടി മുറ്റാത്ത കൂറ്റൻമാവുകൾ പുരയിടത്തിന്റെ പച്ചമേലാപ്പായിരുന്നു. കിളിച്ചുണ്ടൻ, തത്തച്ചുണ്ടൻ, ചന്ദ്രക്കാരൻ, കർപ്പൂരം, ശർക്കരേശ്ശി, മൂവാണ്ടൻ, പുളിച്ചി, നാരൻ, മയിലാപ്പു, കപ്പ, പച്ചതിന്നി, കോട്ടുക്കോണം, കോലൻ എന്നിങ്ങനെ എത്രയെത്ര നാടൻ മാവിനങ്ങൾ! കാക്കകൾ കൂടുവെച്ചു വിഹരിക്കുന്ന, അണ്ണാൻ പൊത്തുകൾ ഏറെയുള്ള ഈ നാടൻമാവുകളിലേറെയും കുറ്റിയറ്റു പോയിരിക്കുന്നു. അങ്ങിങ്ങായി അവശേഷിക്കുന്നവയുടെ കൊമ്പുകളും ചില്ലകളും പോലും കാണാൻ കഴിയാത്ത വിധം ഇത്തിൾക്കണ്ണികൾ പടർന്നുവളർന്നിരിക്കുന്നു.

ഉണ്ണിമാങ്ങയും കണ്ണിമാങ്ങയും പുളിയുള്ള പച്ചമാങ്ങയും ഒടുവിൽ ചുവന്നു തേനൂറുന്ന മാമ്പഴമായി പരിണമിച്ചുപോകുന്നതു വെറുമൊരു കനിയല്ല, ജീവിതം തന്നെയാണു നമുക്ക്. നാട്ടിൻ പുറം നന്മകളാൽ മാത്രമല്ല മാങ്ങകളാലും സമൃദ്ധമായിരുന്ന ഒരു ഗതകാലവും നമുക്കുണ്ട്. 'ഇടി വെട്ടിയ തെങ്ങിന് ഇത്തിൾ പിടിച്ച മാവു കൂട്ട്' 'പഴുത്ത മാവില കൊണ്ടു പല്ലു തേച്ചാൽ പുഴുത്ത പല്ലിൻ പുഴുക്കേടു മാറും' 'മാമ്പൂവു കണ്ടും മക്കളെ കണ്ടും മദിക്കരുത്' 'അണ്ടിയോടടുക്കുമ്പോൾ അറിയാം മാങ്ങയുടെ പുളി' ഇങ്ങനെ മാവുമായി ബന്ധപ്പെട്ട പഴമൊഴികളും ധാരാളമുണ്ട്.

ഉമ്മറത്തിണ്ണയിൽ നിന്നു പറിച്ചെടുക്കാൻ കഴിയും വിധം വീട്ടുമുറ്റത്തു തണൽവിരിച്ചുനിന്നിരുന്ന കിളിച്ചുണ്ടൻമാവും മാവ് പൂക്കുന്ന കാലമെത്തിയാൽ കാറ്റിനൊപ്പം കടന്നുവരുന്ന മാമ്പൂവിന്റെ ഹൃദ്യമായ മണവും മുറ്റത്തു കൊഴിഞ്ഞുവീണു കിടക്കുന്ന ഉണ്ണിമാങ്ങയും അതിന്റെ ഗന്ധവുമൊക്കെ ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവവും അനുഭൂതിയുമല്ലേ? ഇപ്പോഴിതാ നഗരത്തിലെ സൂപ്പർമാർക്കറ്റിൽനിന്നു സ്റ്റിക്കറൊട്ടിച്ചും വലയിൽപൊതിഞ്ഞും പായ്ക്കറ്റിൽ നിറച്ചും വരുന്ന മറുനാടൻ മാമ്പഴം വാങ്ങിക്കഴിക്കുന്ന നമുക്കു മാങ്ങയും ഒരു പരദേശി ഫലമായിരിക്കുന്നു! ഓരോ വർഷവും ജൂൺ അഞ്ചിന് ലോകപരിസ്ഥിതി ദിനത്തിൽ ലക്ഷക്കണക്കിന് വൃക്ഷത്തൈകളാണ്

നാട്ടിലുടനീളം നാം നടുന്നത്. അക്കേഷ്യ, മട്ടി, മഹാഗണി എന്നിങ്ങനെ വേഗത്തിൽ വേരുപിടിച്ചു വളരുന്ന മരങ്ങളാണ് നട്ടുവളർത്തിയതിൽ ഏറെയും. ഇനി പരിസ്ഥിതി ദിനത്തിൽ മരങ്ങൾ നടുമ്പോൾ അത് നാട്ടുമാവുകളാകട്ടെ! നാനാജാതി നാട്ടുമാവുകളുടെ ജൈവവൈവിധ്യം കൂടി സംരക്ഷിക്കാൻ ഇതിലൂടെ കഴിയും. നമ്മുടെ പൊതു സ്ഥലങ്ങളും വഴിയോരങ്ങളും നാനാജാതി നാട്ടുമാവുകളാൽ സമ്പന്നമാകട്ടെ! ഒരു നാടിന്റെ തനിമയും സ്വത്വവും അടയാളപ്പെടുത്തുന്ന നാടൻമാവുകളുടെ ജനിതക സംരക്ഷണത്തിനും ഇത് സഹായകമാകും.

നമ്മുടെ കുട്ടികളെക്കൂടി ഈ നാട്ടുമാവ് സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാം. ഒരു വർഷം നീണ്ടു നിൽക്കുന്ന ഒരു കർമപദ്ധതിയും ആസൂത്രണ കലണ്ടറും ഇതിനായി മുൻകൂട്ടി തയ്യാറാക്കണം. നാടൻ മാമ്പഴത്തിന്റെ മാങ്ങയണ്ടി പരമാവധി സംഭരിക്കുക, അവ പ്ലാസ്റ്റിക്ക് കവറിൽ പാകി തൈയ്യാറാക്കുക, മാവിൻ തൈകൾ ശാസ്ത്രീയമായി പരിചരിച്ച് നട്ടുവളർത്തുക ഈ വിധ കാര്യങ്ങളെല്ലാം സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുകയും പരിസ്ഥിതിദിനത്തിൽ വഴിയോരങ്ങളിലും സൗകര്യപ്രദമായ ഇടങ്ങളിലും മാവിൻതൈകൾ നടുന്നതിനും അവയുടെ തുടർപരിചരണത്തിനും സംരക്ഷണത്തിനുമെല്ലാം സ്കൂളുകളിലെ എൻ.സി.സി., സ്റ്റുഡന്റ് സ് പോലീസ് കേഡറ്റ് തുടങ്ങിയവയിലെ വിദ്യാർത്ഥികളെ ചുമതലപ്പെടുത്തുകയും ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾ മണ്ണിലിറങ്ങുന്നതിനും അൽപമാത്രമായെങ്കിലും ശാരീരികമായി അദ്ധ്വാനിക്കുന്നതിനും പരിസ്ഥിതി നന്മയുടെ ഭാഗമാകുന്നതിനുമെല്ലാം അത് അവസരമാകും.

ഓണത്തിന്റെ ദൂതുമായെത്തുന്ന ഊഞ്ഞാലും ഊഞ്ഞാലാട്ടവും ഏതൊരു മലയാളിയുടെയും ഹൃദയ വികാരമാണ്. വീട്ടുമുറ്റത്തെ നാട്ടുമാവിന്റെ കൊമ്പിലായിരുന്നു ഊഞ്ഞാൽ കെട്ടുന്നത്. മാവിന്റെ കൊമ്പ് കുലുക്കി ചില്ലാട്ടം പറന്ന് ഊഞ്ഞാലാടുന്ന ബാല്യകൗമാരങ്ങൾക്കും മാവിനോടൊരു മമതയുണ്ടായിരുന്നു. കവിതയിലും കഥയിലും ചലചിത്രഗാനങ്ങളിലും ലളിതഗാനങ്ങളിലുമെല്ലാം നാട്ടുമാവുകൾ എല്ലായിപ്പോഴും ബിംബങ്ങളായിരുന്നു.

‘മാമ്പഴക്കൂട്ടത്തിൽ മൽഗോവയാണു നീ
മാസങ്ങളിൽ നല്ല കന്നിമാസം’
‘വെളുക്കുമ്പോൾ കുളിക്കുവാൻ പോരുന്ന
വഴിവക്കിൽ വേലിക്കൽ നിന്നവനേ
കൊച്ചു കിളിച്ചുണ്ടൻ മാമ്പഴം
കടിച്ചു കൊണ്ടെന്നോട് കിന്നാരം പറഞ്ഞവനേ’
‘മാവിൻ കൊമ്പിലിരുന്നൊരു മൈന വിളിച്ചു...
ആൺ മൈന വിളിച്ചു...
മാളികക്കൂട്ടിലിരുന്നൊരു.. മൈന വിളിച്ചു...
പെൺ മൈന വിളിച്ചു’
‘മഴപെയ്ത് മാനം തെളിഞ്ഞനേരം
തൊടിയിലെത്തൈമാവിൻ ചോട്ടിൽ ഒരു
കൊച്ചു കാറ്റേറ്റു വീണ തേൻമാമ്പഴം
ഒരുമിച്ചു പങ്കിട്ട ബാല്യകാലം’
‘നാട്ടുമാവിൻ കൊമ്പിലെ ആരുമറിയാച്ചില്ലയിൽ
കൂടുമെനയും കിളിയുടെ
കനവുകളിൽ സ്നേഹോദയം’
‘നാട്ടുമാവിൻ കൊമ്പിലേതോ
വാരിളം ചുണ്ടിൽ സല്ലാപം’

ഇങ്ങനെ എത്രയെത്ര ചലചിത്രഗാനങ്ങളാണ് മലയാളിയുടെ ചുണ്ടിലൂറുന്നത്.

കൂട്ടുകുടുംബവും വിശാലമായ മുറ്റവും തൊടിയുമൊക്കെയുണ്ടായിരുന്ന നിറവിൽനിന്ന് അണുകുടുംബങ്ങളിലേക്കും മണ്ണു കണികാണാത്ത ഫ്ളാറ്റുകളിലേക്കും ചേക്കേറുന്ന പുത്തൻ ജീവിതശൈലിയിൽ നമുക്കു നഷ്ടമായവയിൽ നാനാജാതി നാട്ടുമാവുകളും നാടൻ മാമ്പഴത്തിന്റെ ദശാപരിണാമങ്ങളും കൂടിയുണ്ട്. ശവദാഹത്തിനുപോലും ഇന്നു മാവിൻവിറകു കിട്ടാനില്ലാതായി! മാവുപൂത്ത പൂവനങ്ങൾ എവിടെ എന്നു തിരയുന്നവർ ഇപ്പോഴുമുണ്ടോ? ഉണ്ടാകാനിടയില്ല. നാം അങ്ങേയറ്റം പ്രായോഗികമതികളാണ്. വീഞ്ഞപ്പെട്ടിയിൽ വൈക്കോലിനുള്ളിൽ അടുക്കി, അന്യ സംസ്ഥാനങ്ങളിൽ നിന്നു മാങ്ങ വരുമെന്നു നമുക്കറിയാം. വില അൽപം കൂടിയാലെന്ത്? കൈയിൽ പണമുണ്ട്, വാങ്ങിക്കഴിച്ചാൽ മതിയല്ലോ! ഒരു മാവിൻതൈ നട്ട് നമ്മുടെ വീടിന്റെ കോൺക്രീറ്റു മുറ്റം ഇല്ലാതാക്കണ്ടല്ലോ എന്നു നാം ചിന്തിക്കുന്നു. അപരിഷ്കൃതമല്ലേ ഈ ഫലവൃക്ഷം നടീലുമൊക്കെ! എങ്കിലും ചിലപ്പോഴെങ്കിലും മാഞ്ചുവട്ടിൽ വന്നു നിന്നു പഴുത്ത നാട്ടുമാമ്പഴം കൊതിയോടെ നോക്കി പറവകളോടും അണ്ണാറക്കണ്ണനോടും ഒരെണ്ണം താഴേക്കിട്ടുതരാൻ പറഞ്ഞ ഓർമകളിലേക്കു മനസ്സുകൊണ്ടൊരു മടക്കയാത്രയ്ക്കെങ്കിലും ഈ കുറിപ്പ് ഉപകരിക്കട്ടെ. •

## റബ്ബർബോർഡ് കോൾസെന്റർ
## പ്രത്യേക ഫോൺ - ഇൻ പരിപാടി

**മഴക്കാലടാപ്പിങ്**

മഴക്കാലത്ത് റബ്ബർമരങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് കർഷകരുടെ ചോദ്യങ്ങൾക്ക് 2025 ജൂൺ 11 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ മറുപടി പറയും.

**റബ്ബർതോട്ടങ്ങളിലെ മണ്ണ്-ജലസംരക്ഷണം**

റബ്ബർതോട്ടങ്ങളിൽ മണ്ണ്-ജലസംരക്ഷണം എങ്ങനെ നടപ്പാക്കാം എന്നത് സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജൂൺ 18 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഡോ. രാജീവ് എം. തോമസ് മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 മെയ് 1 | 19900 | 19500 | അവധി | 19900 | 19500 | അവധി | അവധി |
| 2025 മെയ് 2 | 19800 | 19400 | 13950 | 19800 | 19400 | 20042 | 19965 |
| 2025 മെയ് 3 | 19800 | 19400 | അവധി | 19800 | 19400 | അവധി | അവധി |
| 2025 മെയ് 4 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 മെയ് 5 | 19700 | 19300 | 13845 | 19700 | 19300 | അവധി | അവധി |
| 2025 മെയ് 6 | 19600 | 19200 | 13735 | 19600 | 19200 | 20201 | 20125 |
| 2025 മെയ് 7 | 19600 | 19200 | 13845 | 19600 | 19200 | 20831 | 20754 |
| 2025 മെയ് 8 | 19600 | 19200 | 13950 | 19600 | 19200 | 20940 | 20863 |
| 2025 മെയ് 9 | 19600 | 19200 | 14055 | 19600 | 19200 | അവധി | അവധി |
| 2025 മെയ് 10 | 19600 | 19200 | അവധി | 19600 | 19200 | അവധി | അവധി |
| 2025 മെയ് 11 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 മെയ് 12 | 19600 | 19200 | 14160 | 19600 | 19200 | അവധി | അവധി |
| 2025 മെയ് 13 | 19600 | 19200 | 14215 | 19600 | 19200 | 20800 | 20723 |
| 2025 മെയ് 14 | 19650 | 19250 | 14265 | 19650 | 19250 | 20336 | 20260 |
| 2025 മെയ് 15 | 19650 | 19250 | 14265 | 19650 | 19250 | 20386 | 20309 |
| 2025 മെയ് 16 | 19650 | 19250 | 14265 | 19650 | 19250 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 മെയ് 17 | 19650 | 19250 | അവധി | 19650 | 19250 | അവധി | അവധി |
| 2025 മെയ് 18 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 മെയ് 19 | 19650 | 19300 | 14370 | 19650 | 19300 | 20195 | 20117 |
| 2025 മെയ് 20 | 19650 | 19300 | 14370 | 19650 | 19300 | 19973 | 19895 |
| 2025 മെയ് 21 | 19650 | 19350 | 14475 | 19650 | 19350 | 19743 | 19665 |
| 2025 മെയ് 22 | 19700 | 19400 | 14530 | 19700 | 19400 | 20050 | 19971 |
| 2025 മെയ് 23 | 19700 | 19400 | 14580 | 19700 | 19400 | 20182 | 20103 |
| 2025 മെയ് 24 | 19750 | 19450 | അവധി | 19750 | 19450 | അവധി | അവധി |
| 2025 മെയ് 25 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 മെയ് 26 | 19800 | 19500 | 14690 | 19800 | 19500 | 19968 | 19889 |
| 2025 മെയ് 27 | 19900 | 19600 | 14795 | 19900 | 19600 | 20145 | 20066 |
| 2025 മെയ് 28 | 20000 | 19700 | 14795 | 20000 | 19700 | 19981 | 19903 |
| 2025 മെയ് 29 | 20000 | 19700 | 14795 | 20000 | 19700 | 19877 | 19799 |
| 2025 മെയ് 30 | 20000 | 19700 | 14795 | 20000 | 19700 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 മെയ് 31 | 20000 | 19700 | അവധി | 20000 | 19700 | അവധി | അവധി |
| ശരാശരി | 19733 | 19374 | 14321 | 19733 | 19374 | 20228 | 20150 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഫെബ്രുവരി 2025 | ഫെബ്രുവരി 2024 | ഏപ്രിൽ 2024 മുതൽ ഫെബ്രുവരി 2025 വരെ | ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 37250 | 40575 | 533150[R] | 519875 | 542175 | |
| ബ്ലോക്കുറബ്ബർ | 20000 | 19250 | 177775[R] | 175420 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9250 | 9525 | 99650 | 93645 | 101895 | |
| മറ്റുള്ളവ | 1500 | 1650 | 18425 | 21060 | 22010 | |
| **ആകെ** | **68000** | **71000** | **829000** | **810000** | **857000** | **2.3** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 51200 | 52270 | 531150 | 531795 | 589345 | |
| ബ്ലോക്കുറബ്ബർ | 52000 | 52500 | 626700 | 634760 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10500 | 9450 | 97700 | 98355 | 108405 | |
| മറ്റുള്ളവ | 3300 | 2780 | 32450 | 31090 | 34240 | |
| **ആകെ** | **117000** | **117000** | **1288000** | **1296000** | **1416000** | **–0.6** |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **74246** | **78445** | **869915** | **869360** | **952495** | **0.1** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | **28841** | **36238** | **514507** | **451374** | **492682** | |
| **കയറ്റുമതി (p)** | **280** | **538** | **4211** | **3948** | **4199** | |

**2025 ഫെബ്രുവരി അവസാനത്തെ സ്റ്റോക്ക്** (ടൺ)

| | | | |
|---|---|---|---|
| കർഷകർ | 99000 | ഷീറ്റുറബ്ബർ | 270700 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 145000 | ബ്ലോക്കുറബ്ബർ | 78800 |
| ടയർനിർമ്മാതാക്കൾ (C) | 117000 | റബ്ബർപാൽ (ഡി. ആർ. സി.) | 35500 |
| മറ്റു വ്യവസായികൾ | 56000 | മറ്റുള്ളവ | 32000 |
| **ആകെ** | **417000** | **ആകെ** | **417000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p- ലഭ്യമായ കണക്കുകൾ അനുസരിച്ച്, C- ട്രാൻസിറ്റ് ഉൾപ്പെടെ, R- പുതുക്കിയത്.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്




CBC
RUBBER MIX
ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്
46 വർഷം
പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും
മറ്റ് ഉത്പന്നങ്ങൾ:
CBC Cardamom Special, CBC Coconut Mix,
CBC Plantain Mixture, CBC Nutmeg Special etc.
ORGANIC 100%
INDOCERT
sif
ESTD. 1979
South Indian Fertilizers
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620
SINCE 1979
An ISO 9001-2015
Certified Company
ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)
DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM )
Published on 11 June 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar